കേരള സർക്കാർ

www.lfa.kerala.gov.in

# കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി).പി.2/12/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൽപ്പറ്റ,വയനാട്
ഫോൺ: 04936 203672
ഇ-മെയിൽ: dowyd.ksad@kerala.gov.in
തീയതി: 17.01.2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-7, ഭാഗം 3ലെ 3-2, 3-4 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി).പി.2/12/2017 തിയ്യതി: 17.01.2017.

## <u>വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 16.11.2015 മുതൽ 31.03.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീ.ചക്രേശ്വര. ആർ,<br>ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.12.2016 മുതൽ<br>05.01.2017 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ഷീന. കെ.ടി., ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ബിന്ദു.കെ. അസി., ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജയൻ.പി., ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി. റോസിലി തോമസ് | 01.04.2015 മുതൽ 30.11.15 വരെ |
| | ശ്രീ. കടവൻ ഹംസ | 01.12.2015 മുതൽ 31.03.16 വരെ |
| വൈസ് പ്രസിഡന്റ് | ശ്രീ. കടവൻ ഹംസ | 01.04.2015 മുതൽ 30.11.15 വരെ |
| | ശ്രീമതി. ഷീല രാമദാസ് | 01.11.2015 മുതൽ 31.3.16 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസന കാര്യം) | ശ്രീമതി. കെ. കുഞ്ഞായിഷ | 01.04.2015മുതൽ 30.11.15 വരെ |
| | ശ്രീ. കെ.എം. ഫൈസൽ | 01.12.2015 മുതൽ 31.03.216 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ക്ഷേമകാര്യം) | ശ്രീ.എം.പി. നജീബ് | 01.04.2015 മുതൽ 30.11.15 വരെ |
| | ശ്രീമതി.ശകുന്തള സജീവൻ | 01.12.2015 മുതൽ 31.03.216 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം വിദ്യാഭ്യാസം ) | ശ്രീ.കെ.എം. ഫൈസൽ | 01.04.2015 മുതൽ 30.11.15 വരെ |
| | ശ്രീ. ഇബ്രാഹിം കേളോത്ത് | 01.12.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ. ഇബ്രാഹിം.പി. | 01.04.2015 മുതൽ 31.03.16 വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ .രമ്യമേനോൻ | 01.04.2015മുതൽ 29.05.15 വരെ |
| | ഡോ.ഷജമീർ എം.രാമചന്ദ്രൻ | 27.06.2015മുതൽ 31.07.15 വരെ |
| | ഡോ.എ.ബി. സന്തോഷ് | 01.08.15 മുതൽ 31.03.16 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. രാജാംബിക | 1.4.2015മുതൽ 31.3.16 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ശ്രീ. പ്രഭാകരൻ പിള്ള | 1.4.2015മുതൽ 31.03.16 വരെ |
| വി ഇ ഒ | ശ്രീമതി. ബീന.കെ.പി. | 1.4.2015മുതൽ 31.01.16 വരെ |
| | ശ്രീ. റഹീം ഫൈസൽ | 01.02.2016 മുതൽ 31.03.16 വരെ |
| | ശ്രീ.പോൾ ജോസഫ് | 1.4.2015മുതൽ 31.3.16 വരെ |
| കൃഷി ഓഫീസർ | ശ്രീ. സുനിൽ ജേക്കബ്ബ് | 1.4.2015മുതൽ 31.3.16 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി. ചിന്നമ്മ | 1.4.2015മുതൽ 31.3.16 വരെ |
| മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോഃ ജിഷ | 1.4.2015മുതൽ 31.3.16 വരെ |
| ടി.ഇ.ഒ. | ശ്രീ.ബാലകൃഷ്ണൻ | 1.4.2015മുതൽ 16.02.16 വരെ |

| | | |
|---|---|---|
| | ശ്രീ.ജോഷി | 17.2.16 മുതൽ 31.03.16 വരെ |
| | ശ്രീ. രാജീവ്.കെ.കെ. | 01.04.2015മുതൽ 31.05.15 വരെ |
| അസി .എഞ്ചിനീയർ | ശ്രീ. പ്രശാന്ത് എൻ.എസ്. | 1.06.15 മുതൽ 31.03.16 വരെ |

<u>ഉള്ളടക്കം</u>



| | | |
|---|---|---|
| 1 | 1-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 2 | 1-1 | ബജറ്റ് |
| 3 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 4 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 5 | 1-4 | സാമ്പത്തിക വിശകലനം |
| 6 | 1-5 | ഫണ്ട് വിനിയോഗം |
| 7 | 1-6 | പദ്ധതി അവലോകനം. |
| 8 | 1-7 | തനത് വരുമാനം. |
| 9 | 1-8 | ക്ഷേമപദ്ധതികൾ |
| 10 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 11 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-11 | ആഭ്യന്തരനിയന്ത്രണം |
| 13 | 2-1 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 14 | 2-2 | ഡി & ഒ ലൈസൻസ് നല്കുന്നത് സംബന്ധിച്ച് |
| 15 | 2-3 | കേരളപഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ ) ചട്ടലംഘനം സംബന്ധിച്ച് |
| 16 | 2-4 | തൊഴിൽനികുതി പരിശോധന സംബന്ധിച്ച് |
| 17 | 2-5 | തൊഴിൽനികുതി ഈടാക്കാത്തതു സംബന്ധിച്ച് |
| 18 | 2-6 | ടെലികമ്മ്യൂണിക്കേഷൻ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കാത്തതു സംബന്ധിച്ച് - |
| 19 | 2-7 | പഞ്ചായത്തിന്റെ കമ്പളക്കാട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സ് കം ബസ്സ് വെയ്റ്റിംഗ് ഷെഡ് ഫലപ്രാപ്തിയിലെത്തിയില്ല, കെട്ടിടത്തിലെ മുറികളിൽ നിന്ന് നാളിതുവരെ വാടകയൊന്നും ലഭിച്ചിട്ടില്ല. |
| 20 | 2-8 | ബഹു. ജില്ലാകളക്ടറുടെയും ബഹു.കേരളഹൈക്കോടതിയുടെയും ഉത്തരവിന് വിരുദ്ധമായി കെട്ടിടപെർമ്മിറ്റ് നല്കി |
| 21 | 2-9 | 2011 ലെ കേരള പഞ്ചായത്ത്കെട്ടിടനിർമ്മാണചട്ടങ്ങൾക്ക് വിരുദ്ധമായി കെട്ടിടപെർമ്മിറ്റ് നല്കി |

| | | |
|---|---|---|
| 22 | 3-1 | പൊതുമരാമത്ത് പ്രവൃത്തികൾ-അശാസ്ത്രീയമായ ആസൂത്രണവും നടപ്പാക്കലും |
| 23 | 3-2 | ഗുണഭോക്തൃസമിതി പ്രവൃത്തി മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല |
| 24 | 3-3 | ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികൾ - വാങ്ങുന്ന നിർമ്മാണസാധനങ്ങൾക്ക് വിൽപ്പനനികുതി ഈടാക്കിയ ബില്ല് ഇല്ല |
| 25 | 3-4 | കുറഞ്ഞ നിരക്കിൽ ടെണ്ടർ അംഗീകരിക്കാത്തതിനാൽ നഷ്ടം. |
| 26 | 3-5 | വികലാംഗർക്കുള്ള തൊഴിൽ പരിശീലനകേന്ദ്രത്തിൽ അധിക സൗകര്യം ഏർപ്പെടുത്തൽ |
| 27 | 3-6 | മെയിന്റനൻസ് ഫണ്ട് വക മാറ്റി ചെലവഴിച്ചു. |
| 28 | 3-7 | ഗുണഭോക്തൃസമിതി രേഖകൾ ഹാജരാക്കിയില്ല. |
| 29 | 3-8 | കുരുമുളക് പുനരുദ്ധാരണപദ്ധതി നടത്തിപ്പ് -അപാകങ്ങൾ |
| 30 | 3-9 | ചീങ്ങാടിക്കുന്ന് നീർത്തട വികസനപദ്ധതിക്ക് വിഹിതം നൽകു |
| 31 | 3-10 | ജവഹർ ഭവനനിർമ്മാണപദ്ധതി-അധികം തുക പിൻവലിച്ചു |
| 32 | 3-11 | ജൂബിലി ഭവനനിർമ്മാണപദ്ധതി -തുക വക മാറ്റി |
| 33 | 3-12 | ഇ.എം.എസ് ഭവനപദ്ധതി പൂർത്തീകരണത്തിന് തുക ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. |
| 34 | 3-13 | പണിയ കോളനിയിൽ കേരളാ വാട്ടർ അതോറിറ്റിയുടെ A.R.N.S.S കുടിവെള്ള പദ്ധതിയിൽ നിന്നും ഗാർഹിക കണക്ഷൻ ലഭ്യമാക്കൽ പദ്ധതി പൂർത്തീകരിച്ച രേഖകൾ ഹജരാക്കാത്തത് |
| 35 | 3-14 | തെരുവ് വിളക്കുകളുടെ പരിപാലനം-പദ്ധതി നടത്തിപ്പ് സുതാര്യമല്ല |
| 36 | 3-15 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. |
| 37 | 3-16 | സ്വകാര്യ ഇൻഷ്വറൻസ് സ്ഥാപനത്തിൽ നിന്ന് വാഹനത്തിന് ഇൻഷ്വറൻസ് എടുത്തു |
| 38 | 3-17 | അഗതി - ആശ്രയ പദ്ധതി കാര്യക്ഷമമല്ല. |
| 39 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 40 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 41 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 42 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 43 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 44 | 4-6 | ഓഡിറ്റ് റിക്കവറി |
| 45 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 46 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |

| | | |
|---|---|---|
| 47 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25.03.2016ലെ 45/2015-ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.16 | 14.06.16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27173338 |
| വരവ് | 95150318 |
| ആകെ | 122323656 |
| ചെലവ് | 115570229 |
| നീക്കിയിരിപ്പ് | 6753427 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1745000 | 17074041 | 18819041 | 18819041 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 300000 | 1348000 | 1648000 | 1648000 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 1722314 | 14317000 | 16039314 | 16039314 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 353414 | 4942000 | 5295414 | 5295414 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1517261 | 3620000 | 5137261 | 5137261 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1081134 | 4728838 | 5809972 | 5809972 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 3722000 | 0 | 3722000 | 2570594 | 1151406 | 100 |
| എം.എൻ.ആർ.ജി.എസ് | 27024 | 675034 | 703058 | 702369 | 689 | 99 |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | - | 1253938 | 1253938 | 1253938 | 0 | 100 |
| പൊതുആവശ്യഗ്രാന്റ് | 4659017 | 9001798 | 13660815 | 12164305 | 1496510 | 89 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|
| 318 | 263 | 41 | 6 | 82.7% |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 1,25,531/- രൂപ (1%) വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7434117 | 7141919 | -292198 | - 4.09 |
| നികുതിയേതര വരവുകൾ | 794544 | 562151 | -232393 | -30 |
| മറ്റുവരവുകൾ, ലേലം<br>ടെണ്ടർ ഫോറം വില<br>ബാങ്ക് പലിശ | 355601 | 1005723 | 650122 | 64.6 |
| ആകെ | 8584262 | 8709793 | 125531 | 1 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 118 | 177240 |
| കർഷകതൊഴിലാളി പെൻഷൻ | 603 | 5428830 |
| വിധവാപെൻഷൻ | 1323 | 13465680 |
| വാർദ്ധക്യകാലപെൻഷൻ | 1323 | 9307440 |
| വികലാംഗപെൻഷൻ | 1281 | 3379555 |
| അവിവാഹിത പെൻഷൻ | 14 | 109760 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.12.2016, 02.40 പി.എം ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 12,433/-രൂപ(പന്ത്രണ്ടായിരത്തി നാനൂറ്റി മുപ്പത്തിമൂന്ന് രൂപ മാത്രം ) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു .

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.11.2016 മുതൽ 16.11.2016 വരെ | 2016 ജൂലൈ മുതൽ സെപ്തംബർ വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.12.15 | 2010 മുതൽ 2014-15 വരെ | 29.01.16 |

## 1-11 ആഭ്യന്തരനിയന്ത്രണം

ഗുണഭോക്തൃതെരഞ്ഞെടുപ്പ് സുതാര്യമല്ല.

2015-16 വർഷം പഞ്ചായത്ത് നടപ്പാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ, ഗുണഭോക്തൃതെരഞ്ഞെടുപ്പിൽ 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3, ജി.ഒ.(പി)-220/97/ത.ഭ.വ.2.10.97 എന്നിവ പാലിക്കുന്നില്ല എന്ന് കണ്ടു.

ഗ്രാമസഭകൾ മുഖാന്തിരം ആവശ്യമായ പ്രചാരണം നടത്തി മുൻഗണനാക്രമത്തിൽ ഓരോ വാർഡുകളിലും മുൻഗണനാലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് മൊത്തത്തിൽ ഒരു പട്ടിക തയ്യാറാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് യോഗത്തിലാണ് പട്ടിക തയ്യാറാക്കേണ്ടത്. ഈ ഗ്രാമപഞ്ചായത്ത് യോഗത്തിൽ പ്രാദേശിക മാധ്യമപ്രവർത്തകർക്കും പൊതുജനങ്ങൾക്കും പ്രവേശനം നൽകേണ്ടതാണ്. ഈ പട്ടിക കരടായി പ്രസിദ്ധീകരിക്കേണ്ടതും കരട് ലിസ്റ്റിന്മേൽ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിച്ച് അന്തിമലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഗ്രാമസഭാ മിനട്സുകളിൽ എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ച് മുൻഗണനാലിസ്റ്റുകൾ തയ്യാറാക്കിയിട്ടില്ല. ഉദാഹരണമായി കുരുമുളക് കൃഷി പുനരുദ്ധാരണം, വേര് പിടിപ്പിച്ച വള്ളിത്തല വിതരണം, ഭവന പുനരുദ്ധാരണ പദ്ധതി എന്നിവ.

വർക്കിംഗ് ഗ്രൂപ്പ് സംഘാടനം കാര്യക്ഷമമല്ല.

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 362/13തീയതി 16.11.13 പ്രകാരം പങ്കാളിത്ത ആസൂത്രണത്തിൽ സമഗ്രവികസനം മുന്നിൽകണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളിലാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് ഓഡിറ്റിന് ഹാജരാക്കിയില്ല.

ഗ്രാമസഭാ സംഘാടനം കാര്യക്ഷമമല്ല.

പഞ്ചായത്തിലെ ഗ്രാമസഭാമിനട്സുകൾ പരിശോധിച്ചതിൽ ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതിൽ ചില വീഴ്ചകൾ വന്നത് ശ്രദ്ധയിൽപ്പെട്ടു. 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 പ്രകാരം 3 മാസത്തിലൊരിക്കൽ ഗ്രാമസഭായോഗങ്ങൾ ചേരേണ്ടതും യോഗത്തിന്റെ ക്വോറം ആകെ വോട്ടർമാരുടെ പത്ത് ശതമാനം ആയിരിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ വിളിച്ചുചേർത്ത പല ഗ്രാമസഭായോഗങ്ങളിലും ക്വോറം തികയുന്നില്ല. ക്വോറം തികയാത്ത യോഗങ്ങൾ മാറ്റിവെച്ച് വീണ്ടും വിളിച്ചുചേർക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | ക്വാറം | തീയതി | ഹാജർ |
|---|---|---|---|
| 17 | 149 | 4.3.16 | 131 |
| 15 | 135 | 15.6.16 | 117 |
| 16 | 138 | 01.03.16 | 130 |
| 12 | 127 | 11.06.16 | 124 |

12/11/16 തിയ്യതിയിൽ ചേർന്ന 18 ാം വാർഡ് ഗ്രാമസഭായോഗം,13/11/16 ൽ ചേർന്ന 5 ാം വാർഡ് ഗ്രാമസഭായോഗം, 01.03.16 ൽ ചേർന്ന16 ാം വാർഡ് ഗ്രാമസഭായോഗം എന്നിവയുടെ മിനിട്സ് ഇതുവരെ അവസാനിപ്പിച്ചിട്ടില്ല. കൂടാതെ ഒട്ടുമിക്ക ഗ്രാമസഭാ മിനിട്സുകളിലും ഓരോ ഗുണഭോക്തൃലിസ്റ്റ് എഴുതിയതിനുശേഷവും ധാരാളം സ്ഥലം ഒഴിച്ചിട്ടിരിക്കുന്നു.

ആയത് ശരിയല്ല. ഗ്രാമസഭായോഗങ്ങളിൽ ചെയ്യേണ്ട പല കാര്യങ്ങളും ചെയ്തതായിക്കാണുന്നില്ല. മുൻവർഷത്തെ വരവു ചെലവുകണക്കുകൾ അംഗീകരിക്കുന്നില്ല. ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്യുന്നില്ല. പദ്ധതിനടത്തിപ്പ് മോണിട്ടർ ചെയ്യുന്നില്ല. ഗ്രാമസഭകളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1. ജൂബിലി ഭവനനിർമ്മാണപദ്ധതി ലോൺ രജിസ്റ്റർ പ്രകാരം 1,28,53,383/- രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്. ബാലൻസ് ഷീറ്റിലെ ബി-5, ഷെഡ്യൂൾ പ്രകാരം ഇത് കാണുന്നില്ല.
2. ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേനയും സെക്രട്ടറി നേരിട്ടും നൽകിയ ടെണ്ടർ ഫോറം വിൽപ്പന വഴി ലഭിച്ച തുകയുടെ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
3. ജൂബിലി ഭവനപദ്ധതിയിൽ തൻവർഷം ലോൺ എടുത്ത തുകയുടെ വിവരങ്ങൾ R.P .31 ൽ ചേർത്തിരിക്കുന്നു.
4. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 58 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല
5. ആസ്തി രജിസ്റ്റർ സർക്കാർ ഉത്തരവ് പ്രകാരം തയ്യാറാക്കി പൂർത്തിയാക്കിയിട്ടില്ല. തൻവർഷം നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന വിവിധ പ്രൊജക്റ്റുകളിലായി ഫർണിച്ചറുകൾ, കമ്പ്യൂട്ടറുകൾ തുടങ്ങി ധാരാളം സാധന സാമഗ്രികൾ വാങ്ങുന്നുണ്ട്. ഇവയൊന്നും പ്രൊക്യർമെന്റ് കമ്മിറ്റി തീരുമാനത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. മാത്രമല്ല ഇത്തരത്തിൽ വാങ്ങുന്ന സാധനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. സെക്രട്ടറി പൊതു നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഇത്തരം വാങ്ങലുകൾ നടത്താത്തതും പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതും സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്.
6. സെക്രട്ടറി ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
7. ICDS, തുടങ്ങി പ്രത്യേകാവശ്യങ്ങൾക്ക് നൽകിയ തുക തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.
    1. നിർവ്വഹണ ഉദ്യോഗസ്ഥൻമാർ മുഖേന പിരിച്ചെടുക്കുന്ന വാറ്റ്/ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

       ഓഡിറ്റ് എൻക്വയറി നമ്പർ 21 തീയതി 31.12.2016 പ്രകാരം ഈ വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസ് നല്കുന്നത് സംബന്ധിച്ച്

1) നിലവിൽ പഞ്ചായത്തിൽ ഗാർഹികേതര ആവശ്യത്തിന് ഉപയോഗിക്കുന്ന 2710 കെട്ടിടങ്ങളിൽ (22/12/16 ലെ കണക്കു പ്രകാരം) അവ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നല്കിയിട്ടുണ്ടോ?

ആയതിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഹെൽത്ത് ഇൻസ്പെക്ടർമാർ ഫീൽഡ് പരിശോധന നടത്തി വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കിയിട്ടുണ്ടോ ? ഫീൽഡ് പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 1996 ലെ കേര.പ.രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ സെക്ഷൻ 3 ന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളും ഡി& ഒ ലൈസൻസ് എടുത്താണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ എന്നീ കാര്യങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ ഇവ സൂക്ഷിക്കുന്നില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കുടിശ്ശിക എത്രയുണ്ടെന്നറിയാൻ സാധിക്കുന്നില്ല. ഡി &ഒ ലൈസൻസ് ഫീ ഡിമാന്റ് ചെയ്യുന്നില്ല. കളക്ഷൻ തന്നെ ഡിമാന്റായി കാണിക്കുന്നു. ഇത് ശരിയായ അക്കൗണ്ടിംഗ് സമ്പ്രദായമല്ല. പഞ്ചായത്തിന് ലഭിക്കേണ്ട മുഴുവൻ തുകയും ഡിമാന്റ് ചെയ്യാത്തതുമൂലം കുടിശ്ശിക കൃത്യമായി അറിയുന്നതിനോ അത് പിരിച്ചെടുക്കുന്നതിനോ സാധിക്കുന്നില്ല.

3) ഡി &ഒ ലൈസൻസ് നല്കിയതിലെ അപാകതകൾ

| ക്രമ നം | ഡി &ഒ രജിസ്റ്ററിലെ ക്രമനം | അപേക്ഷകന്റെ പേര്/ സ്ഥാപനത്തിന്റെ പേര് | അപാകത |
|---|---|---|---|
| 1 | 710 | ജോമോൻ കെ ജോസഫ്. ജെ.കെ ഫുഡ് പ്രോസസിംഗ് & പാക്കിംഗ് യൂണിറ്റ് നടവയൽ | FSSAIയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റില്ല. ജീവനക്കാർ ആരുമില്ല. |
| 2 | 361 | കെ.സി മുഹമ്മദ് ന്യൂകോർണർ ബേക്കറി | FSSAIയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റില്ല |
| 3 | 295 | സുരേഷ് കുമാർ ടി.എസ്. ഹോട്ടൽ പൊങ്ങിനി | FSSAIയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റില്ല, എച്ച്. ഐയുടെ സർട്ടിഫിക്കറ്റ് ഇല്ല. |
| 4 | 241 | ഹുസൈൻ, ന്യൂപാരിസ് ഹോട്ടൽ | ,, |
| 5 | 162 | മുഹമ്മദ് ജാവേദ്,ദർബാർ ഹോട്ടൽ | ,, |
| 6 | 57 | ജാഫർ വി.പി ഹാപ്പി ഹോട്ടൽ | ,, |
| 7 | 28 | വി .അമ്മദ്,വയനാട് വുഡ് ഇൻഡസ്ട്രീസ് | ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് നൽകുന്ന ഫോം II(A), [licence for saw mill or other wood based industries unit] സർട്ടിഫിക്കറ്റില്ല,പിസിബി ലൈസൻസ് കാലാവധി 31/05/15 ന് കഴിഞ്ഞു. |
| 8 | 425 | ഹംസ അമ്മദ്, സാഹിറ ഇൻഡസ്ട്രിയൽ & സോമിൽ | ,, |
| 9 | 252 | എം മുഹമ്മദ്കോയ, മർവ്വ വുഡ് ഇൻഡസ്ട്രീസ് & സോമിൽ | ,, |
| 10 | 454 | കെ.കെ മഹേഷ്, രാസവളം, കീടനാശിനി സ്റ്റോക്ക്, വില്പന | അഗ്രികൾച്ചറൽ വകുപ്പ് നൽകുന്ന ഫോം VIII, [licence to sell stock or exhibit for sale of insecticides] സർട്ടിഫിക്കറ്റില്ല. |
| 11 | 232 | സി രവീന്ദ്രൻ,വിജയ എജൻസീസ്, രാസവളം,കീടനാശിനി സ്റ്റോക്ക്, വില്പന | ,, |
| 12 | 284 | ഹമീദ് എം.കെ,ബിസ്മില്ല ഫർണ്ണിച്ചർ | പിസിബി ലൈസൻസ് കാലാവധി 30/06/15 ന് കഴിഞ്ഞു. |
| 13 | 534 | ഫൗസിയ വി.പി,വി.പി ഫർണ്ണിച്ചർ | ,, |
| 14 | 66 | സി.പി പുഷ്പദത്തൻ,ഫ്ളോർമിൽ | പിസിബി ലൈസൻസ് കാലാവധി 28/04/14 ന് കഴിഞ്ഞു. |
| 15 | 704 | ബാബു ടി.ജെ, റഫ്രിജറേഷൻ &ഹോംഅപ്പ്ളയൻസസ് സർവ്വീസ് | പിസിബി ലൈസൻസ് ഇല്ല. |
| 16 | 560 | ഹാരിസ്.ഇ,ടൈൽ സ്റ്റോക്ക് ചെയ്യാൻ | ,, |
| 17 | 298 | വി. ഹരിദാസൻ,കൃഷ്ണ എജൻസീസ്,സിമെൻറ് വില്പന | ,, |
| 18 | 386 | സി.പി റഷീദ്,ചിക്കൺ സ്റ്റാൾ | ,, |

| | | | |
|---|---|---|---|
| 19 | 231 | സി. രവീന്ദ്രൻ,കമ്പി, ഹാർഡ് വെയർ സ്റ്റോക്ക്,വില്പന | ,, |
| 20 | 177 | കെ.സത്യജിത്ത്/കമ്പളക്കാട് പെട്രോളിയം | ,, |

4) ക്വാറിക്ക് ലൈസൻസ് നല്കിയത് – അപാകത

എം.പി സതീശൻ എന്നവരുടെ ഉടമസ്ഥതയിലുള്ള കണിയാമ്പറ്റ വില്ലേജിലെ 98/5,98/2 റീസർവ്വേനമ്പറുകളിൽ(100 ആർ വിസ്തൃതി) സ്ഥിതിചെയ്യുന്ന സ്ഥലത്തുള്ള ശ്രീ ടി.വി ഏലിയാസ് എം.ഡി യായ കൃഷ്ണഗിരി സ്റ്റോൺ ക്രഷറിന് 21/05/15 ന് പഞ്ചായത്ത് ലൈസൻസ് നല്കിയിട്ടുണ്ട്.(ഫയൽന-5328/2015).21/02/2014 ലെ ജി.ഒ(എം.എസ്) 02/2014/Envt പ്രകാരം സംസ്ഥാനപരിസ്ഥിതി ആഘാതനിർണ്ണയ അതോറിറ്റിയുടെ മുൻകൂർ ക്ലിയറൻസ് ഉണ്ടെങ്കിൽ മാത്രമേ ക്വാറിക്ക് അനുമതി നല്കാവൂ. എന്നാൽ ഫയൽ പരിശോധിച്ചതിൽ ആയത് ലഭ്യമാക്കിയതായി കാണുന്നില്ല. മുൻകൂർ അനുമതി ഇല്ലാതെ ലൈസൻസ് നല്കിയിന് വിശദീകരണം നകേണ്ടതാണ്. കൂടാതെ ഈ ക്വാറിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിരുന്നോ, നടപടിയെടുത്തിരുന്നോ എന്നീ വിവരങ്ങളും ഓഡിറ്റിന് നല്കേണ്ടതാണ്.

5) 14/42 കെട്ടിടത്തിൽ ബിനോയ് തോമസ്സ് എന്നവർക്ക് പന്നിമാസം വില്പന നടത്തുന്ന സ്റ്റാളിന് ലൈസൻസ് നല്കിയിട്ടുണ്ട്. ടി സ്റ്റാളിലെ പന്നി മാംസം പഞ്ചായത്ത് ആരോഗ്യവിഭാഗം പരിശോധന നടത്തിയിട്ടുണ്ടോ. ഏത് അംഗീകൃത കശാപ്പുശാലയിൽ നിന്നാണ് മാംസം ലഭ്യമാകുന്നത്. പഞ്ചായത്തിന്റെ ലൈസൻസോടെ പ്രവർത്തിക്കുന്ന വിവിധ കശാപ്പുശാലകളുടെ വിശദാംശം (കെട്ടിടഉടമയുടെ പേര്,കെട്ടിടനമ്പർ,ലൈസൻസെടുത്ത ആളുടെ പേരും ലൈസൻസ് നമ്പർ എന്നിവ)ഓഡിറ്റിന് നല്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന കശാപ്പുശാലകളും മാംസ സ്റ്റാളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അവയ്ക്കെതിരെ നടപടിയെടുത്തിട്ടുണ്ടോ? വിശദാംശങ്ങൾ നല്കുക.

6) ബിലേറ്റഡ് ഫീ വാങ്ങാത്തത് സംബന്ധിച്ച്

| ക്രമ നം | ഡി &ഒ രജിസ്റ്ററിലെ ക്രമനം | അപേക്ഷകന്റെ പേര്/സ്ഥാപനത്തിന്റെ പേര് | ലൈസൻസ് എടുത്ത തിയ്യതി |
|---|---|---|---|
| 1 | 521 | പള്ളിക്കുന്ന് ക്ഷീരോത്പ്പാദക സഹകരണസംഘം | 23/06/15(ലൈസൻസ് ഫീ-4000/-11504100837) |
| 2 | 534 | വി.പി ഫർണ്ണിച്ചർ | 1/07/15((ലൈസൻസ് ഫീ-500/-11504100414) |

7)യന്ത്രങ്ങളുടെ ഫീ വാങ്ങാത്തത് സംബന്ധിച്ച്

| ക്രമ നം | ഡി &ഒ രജിസ്റ്ററിലെ ക്രമനം | അപേക്ഷകന്റെ പേര്/സ്ഥാപനത്തിന്റെ പേര് | യന്ത്രങ്ങളുടെ ശേഷി(എച്ച്.പി)/ ഈടാക്കേണ്ട ഫീ | ലൈസൻസ് എടുത്ത തിയ്യതി |
|---|---|---|---|---|
| 1 | 66 | സി.പി പുഷ്പദത്തൻ/ ഫ്ലോർ മിൽ | 13(200) | 12/02/15 |
| 2 | 227 | എൽ.എസ് രാമകൃഷ്ണൻ/കാപ്പി, കുരുമുളക് സംസ്കരണം | 109.5(2000) | 26/2/15 |
| 3 | 177 | കെ.സത്യജിത്ത്/കമ്പളക്കാട് പെട്രോളിയം | 9(100) | 24/02/15(ലൈസൻസ് ഫീ 1250/- രൂപ ഈടാക്കിയതിന്റെ അടിസ്ഥാനം വിശദീകരിക്കേണ്ടതാണ്. |

ഓഡിറ്റ് എൻക്വയറി നം10 /15-16/23.12.16 ലെ ഒന്നാം ഖണ്ഡികക്ക് മറുപടിയായി നിലവിൽ പഞ്ചായത്തിൽ ഗാർഹികേതര ആവശ്യത്തിന് ഉപയോഗിക്കുന്ന 2710 കെട്ടിടങ്ങളിൽ അവ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നല്കിയിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഫീൽഡ് പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി 1996 ലെ കേ.പ.രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ സെക്ഷൻ 3 ന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുത്താണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തി ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം10 /15-16/23.12.16 ലെ രണ്ടാം ഖണ്ഡികയ്ക്ക് മറുപടിയായി ഭാവിയിൽ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം10 /15-16/23.12.16 ലെ മൂന്നാം ഖണ്ഡികയ്ക്ക് മറുപടിയായി ഡി&ഒ ലൈസൻസ് നൽകുമ്പോൾ സ്ഥാപനങ്ങൾ വിവിധ ഏജൻസികളിൽ നിന്നും ലഭ്യമാക്കേണ്ട സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കി തുടർ നടപടി സ്വീകരിക്കുമെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഇനി മേലിൽ ഡി&ഒ ലൈസൻസ് നല്കുമ്പോൾ സ്ഥാപനങ്ങൾ വിവിധ ഏജൻസികളിൽ നിന്നും ലഭ്യമാക്കേണ്ട എല്ലാ സർട്ടിഫിക്കറ്റുകളും ലഭ്യമാക്കി എന്ന് ഉറപ്പുവരുത്തിട്ട മാത്രമേ ലൈസൻസ് നല്കാൻ പാടുള്ളൂ.

ഓഡിറ്റ് എൻക്വയറി നം10 /15-16/23.12.16 ലെ നാലാം ഖണ്ഡികയ്ക്ക് മറുപടിയായി മേൽ സൂചിപ്പിച്ച ക്വാറിക്ക് സംസ്ഥാനപരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ മുൻകൂർ ക്ലിയറൻസ് ഇല്ലാതെയാണ് 2015-16 ൽ ലൈസൻസ് നൽകിയതെന്നും ഭാവിയിൽ ക്ലിയറൻസ് മുൻകൂർ ലഭ്യമാക്കി മാത്രമേ ലൈസൻസ് നൽകൂ എന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മേൽ ക്വാറിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് പരിസരവാസികളിൽ നിന്നും പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ക്വാറിയുടെ പ്രവർത്തനം നിർത്തിവെച്ചതായും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം10 /15-16/23.12.16 ലെ അഞ്ചാം ഖണ്ഡികയ്ക്ക് മറുപടിയായി മേൽ പരാമർശിച്ച പന്നിമാംസ വില്പനശാലയ്ക്ക് വെറ്ററിനറി സർജന്റെ സർട്ടിഫിക്കറ്റ് പ്രകാരമാണ് ലൈസൻസ് അനുവദിച്ചതെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 1996 ലെ കേരളപഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചികടകളും) ചട്ടങ്ങൾ 8,17,39,40 എന്നിവ പ്രകാരം വെറ്ററിനറി സർജൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ മൃഗത്തിന്റെ മാംസം മാത്രമേ ഇറച്ചികടകളിൽ വില്ക്കാവൂ. ഇക്കാര്യം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടത്, സെക്ഷൻ 39 പ്രകാരം വെറ്ററിനറി സർജന്റെയും പ്രസിഡണ്ടിന്റെയും സെക്രട്ടറിയുടെയും അല്ലെങ്കിൽ അവർ ചുമതലപ്പെടുത്തുന്നവരുടെയുമാണ്. എന്നാൽ ഈ പന്നിമാംസ സ്റ്റാളിന്റെ കാര്യത്തിൽ ലൈസൻസ് നല്കിയെന്നല്ലാതെ യാതൊരു പരിശോധനയും നടത്തിയില്ല എന്നത് വളരെ ഗൗരവതരമായ കാര്യമാണ്. കൂടാതെ പഞ്ചായത്തിന്റെ പരിധിയിലുള്ള ചുണ്ടക്കര എന്ന സ്ഥലത്ത് പഞ്ചായത്തിന്റെ ലൈസൻസില്ലാതെ രണ്ട് ബീഫ് സ്റ്റാളുകൾ (ബിസ്മില്ല ബീഫ് സ്റ്റാൾ, മറ്റൊന്ന് പേരില്ലാത്തത്) പ്രവർത്തിക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് കശാപ്പുശാലകൾക്കൊന്നും തന്നെ ലൈസൻസ് നല്കിയിട്ടില്ലെന്നും എന്നാൽ പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന മാംസ വിൽപ്പനശാലകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവരുടെ ഉടമസ്ഥരോട് നിയമവിധേയമായി ലൈസൻസ് കരസ്ഥമാക്കി മാംസവിൽപ്പന നടത്തുന്നതിന് നിർദ്ദേശം നല്കിയതായും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതിന്റെ രേഖ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1996 ലെ കേരളപഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചികടകളും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള കശാപ്പുശാലകൾ ആരോഗ്യമുള്ള മൃഗങ്ങളെയാണ് കശാപ്പ് ചെയ്യുന്നതെന്നും ഇറച്ചികടകളിലൂടെ നല്ല മാംസമാണ് വിൽപ്പന നടത്തുന്നതെന്നും ഉറപ്പുവരുത്തേണ്ടത് പഞ്ചായത്തിന്റെ പരമമായ കർത്തവ്യമാണ്.

ഓഡിറ്റ് എൻക്വയറി നം10 /15-16/23.12.16 ലെ ആറാം ഖണ്ഡികയ്ക്ക് മറുപടിയായി ബിലേറ്റഡ് ഫീ ഈടാക്കാത്ത പള്ളിക്കുന്ന് ക്ഷീരോത്പ്പാദക സഹകരണസംഘം, വി.പി ഫർണ്ണിച്ചർ എന്നിവരിൽ നിന്നും യഥാക്രമം 1000/-,125 രൂപ വീതം ബിലേറ്റഡ് ഫീ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം10 /15-16/23.12.16 ലെ ഏഴാം ഖണ്ഡികയ്ക്ക് മറുപടിയായി യന്ത്രങ്ങളുടെ ഫീ ഈടാക്കാതിരുന്ന സി.പി പുഷ്പദത്തൻ എന്നവരുടെ ഫ്ലോർ മിൽ, എൽ.എസ് രാമകൃഷ്ണൻ എന്നവരുടെ കാപ്പി, കുരുമുളക് സംസ്കരണപ്ലാന്റ്, കെ.സത്യജിത്ത് എന്നവരുടെ കമ്പളക്കാട് പെട്രോളിയം എന്നീ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന യന്ത്രങ്ങളുടെ ഫീ ഈടാക്കിയിട്ടില്ല. അവ യഥാക്രമം 200/-, 2,000/-, 100/- രൂപ വീതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 കേരള പഞ്ചായത്ത് രാജ്(ഡി ആന്റ് ഒ. ലൈസൻസ് നൽകൽ ) ചട്ടങ്ങൾ ലംഘനം സംബന്ധിച്ച്

ഹെൽത്ത് ഇൻസ്പെക്ടർ പരിശോധന നടത്തി ചട്ടലംഘനം നടത്തിയതായി കണ്ടെത്തിയ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ഓഡിറ്റിന് നൽകേണ്ടതാണ്.

| ക്രമനം | സ്ഥാപനത്തിന്റെ ഉടമ | പരിശോധന തിയ്യതി/അപാകത |
|---|---|---|
| 1 | അലവി,തട്ടുകട,കണിയാമ്പറ്റ | 28/01/2016- ലൈസൻസ് ഇല്ല തുടങ്ങിയവ |
| 2 | കരീം, തട്ടുകട, മില്ല് മുക്ക് | ,, |

| | | | |
|---|---|---|---|
| 3 | ഹൈദ്രോസ് കോയ,ഇറച്ചിക്കട, ചുണ്ടക്കര | 08/02/2016 | ,, |
| 4 | സുലൈഖ,സഫതട്ടുകട,കമ്പളക്കാട് | | ,, |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 13 /15-16/23.12.16 ന് മറുപടിയായി മേൽ പരാമർശിച്ച സ്ഥാപനങ്ങൾ പുറംപോക്കിൽ പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച തട്ടുകടകൾക്ക് കേരളപഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ)ചട്ടങ്ങൾ പ്രകാരവും ഇറച്ചിക്കടയ്ക്ക് 1996 ലെ കേരളപഞ്ചായത്ത് രാജ്(കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ പ്രകാരവും കേരളപഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ)ചട്ടങ്ങൾ പ്രകാരവുമുള്ള ലൈസൻസ് നിർബന്ധമാണ്. ഇതില്ലാതെ പ്രവർത്തിക്കുന്നതായി ഹെൽത്ത് ഇൻസ്പെക്ടറുടെ പരിശോധനയിൽ തെളിഞ്ഞ മേൽ തട്ടുകടകൾക്കെതിരെ കേരളപഞ്ചായത്ത് രാജ് ചട്ടം 255 പ്രകാരവും ഇറച്ചിക്കടകൾക്കെതിരെ 1996 ലെ കേരളപഞ്ചായത്ത് രാജ്(കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ സെക്ഷൻ 41 പ്രകാരവും നടപടിയെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 തൊഴിൽനികുതി പരിശോധന

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാന ഇനങ്ങളിലെ ഒരു പ്രധാന ഇനമായ തൊഴിൽനികുതി സംബന്ധമായി താഴെ പറയുന്ന വിവരങ്ങൾ രേഖാമൂലം അന്വേഷിച്ചിരുന്നു. (ഓഡിറ്റ് എൻക്വറി നം. 9/15-16/23.12.16).

1)1996 ലെ കേ.പ.രാജ് ആക്ട് സെക്ഷൻ 205(ബി) പ്രകാരം തൊഴിൽനികുതി നിർണ്ണയിക്കുന്നതിലേയ്ക്കായി 2015-16 വർഷത്തിൽ കെട്ടിടനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടമെന്നനിലയിൽ നികുതി നിർണ്ണയിച്ച 49 കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നല്കിയിട്ടുണ്ടോ ?. ഉണ്ടെങ്കിൽ ആയതിന് എത്ര ആളുകൾ മറുപടി നൽകിയിട്ടുണ്ട്.

മറുപടിയുടെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർക്കപ്പെട്ട സ്ഥാപനങ്ങളുടെ/ആളുകളുടെ എണ്ണമെത്ര?

2) നിലവിൽ പഞ്ചായത്തിൽ ഗാർഹികേതര ആവശ്യത്തിന് ഉപയോഗിക്കുന്ന 2710 കെട്ടിടങ്ങളിൽ (22/12/16 ലെ കണക്ക് പ്രകാരം) അവ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നല്കിയിട്ടുണ്ടോ ?

ആയതിന് എത്ര ആളുകൾ മറുപടി നല്കിയിട്ടുണ്ട്. മറുപടിയുടെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർക്കപ്പെട്ട സ്ഥാപനങ്ങളുടെ /ആളുകളുടെ എണ്ണമെത്ര?

2015-16 ലേക്ക് D&O ലൈസൻസ് എടുത്ത 738 സ്ഥാപനങ്ങളിൽ 1996 ലെ കേ.പ.രാജ് ആക്ട് സെക്ഷനുകൾ 205(ബി) മുതൽ 205 (എഫ്) പ്രകാരവും 1996 കേ.പ.രാ തൊഴിൽനികുതി ചട്ടങ്ങൾ ചട്ടം 10, 13 എന്നിവ പ്രകാരം നോട്ടീസ് നല്കിയ സ്ഥാപനങ്ങളുടെ എണ്ണമെത്ര?

ഇതേ ചട്ടപ്രകാരം റിട്ടേൺ സമർപ്പിച്ച സ്ഥാപനങ്ങളുടെ എണ്ണമെത്ര ? സമർപ്പിക്കാത്ത സ്ഥാപനങ്ങളുടെ എണ്ണമെത്ര ? ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു. ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനത്തിന്റെ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്. ഓരോ സ്ഥാപനത്തിലെയും എത്ര ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ നല്കുക.

3) 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി)ചട്ടങ്ങൾ ഉപചട്ടം 18 പ്രകാരം തൊഴിൽനികുതി ഡിമാന്റ് പുരോഗതി വിലയിരുത്തുന്നതിനായി പഞ്ചായത്തും തൊഴിലുടമയും സൂക്ഷിക്കുന്ന V ാം നമ്പർ ഫോറത്തിലുള്ള രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ?

4) കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കുടിശ്ശിക എത്രയുണ്ടെന്നറിയാൻ സാധിക്കുന്നില്ല. തൊഴിൽനികുതിയുടെ കാര്യത്തിൽ കളക്ഷൻ തന്നെ ഡിമാന്റായി കാണിക്കുന്നു. ഇത് ശരിയായ അക്കൗണ്ടിംഗ് സമ്പ്രദായമല്ല. പഞ്ചായത്തിന് ലഭിക്കേണ്ട മുഴുവൻ തുകയും ഡിമാന്റ് ചെയ്യാത്തതുമൂലം കുടിശ്ശിക കൃത്യമായി അറിയുന്നതിനോ അത് പിരിച്ചെടുക്കുന്നതിനോ സാധിക്കുന്നില്ല.

5) ഡി.& ഒ ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ സ്ഥാപനത്തിൽ ആവശ്യമായ ജീവനക്കാരുടെ എണ്ണം എന്ന കോളത്തിൽ ഒന്നിൽ കൂടുതൽ ജീവനക്കാരുടെ എണ്ണം ചേർത്തിട്ടുണ്ട്. എന്നാൽ മേൽ ജീവനക്കാരുടെ തൊഴിൽനികുതി സംബന്ധിച്ച വിവരങ്ങൾ തൊഴിലുടമ ലഭ്യമാക്കുകയോ പഞ്ചായത്ത് മേൽ ജീവനക്കാരുടെ തൊഴിൽനികുതി ശേഖരിക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെപ്പറയുന്നു

| ക്രമ നം | ഡി.&ഒ ലൈസൻസ് അപേക്ഷ രജിസ്റ്ററിലെ ക്രമ നം. | അപേക്ഷകന്റെ പേര് വിവരം | അപേക്ഷപ്രകാരം സ്ഥാപനത്തിലെ തൊഴിലാളികളുടെ എണ്ണം. |
|---|---|---|---|
| 1 | 718 | രജീഷ് ചെങ്ങോട്ടുമ്മൽ | 4 |
| 2 | 619 | മൊയ്തീൻഷാ,ജിനാൻതൊട്ടുകയിൽ | 19 |
| 3 | 655 | റഫീക്ക് വി.കെ,വാണിമേൽ | 5 |
| 4 | 484 | അബ്ദുൾസലാം,വളപ്പിൽ | 3 |
| 5 | 425 | ഹംസ അമ്മദ്,വൈശ്യൻ വീട് | 5 |
| 6 | 167 | അബ്ദുൾ അസീസ്,കോപ്പിലാൻ | 3 |
| 7 | 423 | റഫീക്ക് പി,വർണ്ണം സ്റ്റാർ ന്യൂട്രിമിക്സ് | 5 |
| 8 | 434 | എം.എ മുഹമ്മദ് ജമാൽ,ഡയറിഫാം | 6 |
| 10 | 252 | മുഹമ്മദ്കോയ, മുണ്ടോളി | 8 |
| 11 | 227 | എൽ.എസ് രാമകൃഷ്ണൻ | 14 |
| 12 | 177 | കെ സത്യജിത്ത്, കരുണ | 6 |
| 13 | 28 | വി അമ്മദ്, വാഴയിൽ | 9 |
| 14 | 24 | ഡോ.ആൻസി എം.എസ് | 9 |

മേൽ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 9/15-16/23.12.16 ഒന്നാം ഖണ്ഡികക്ക് മറുപടിയായി 2015-16 വർഷത്തിൽ കെട്ടിടനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടമെന്നനിലയിൽ നികുതി നിർണ്ണയിച്ച 49 കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നല്കിയിട്ടില്ലെന്നും ആയത് നോട്ടീസ് നല്കി തുടർനടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഈ കെട്ടിങ്ങൾ ഉപയോഗിക്കുന്നവർക്ക് നോട്ടീസ് നല്കി മറുപടിയുടെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർക്കപ്പെട്ട സ്ഥാപനങ്ങളെയും ആളുകളെയും തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് നികുതി ഈടാക്കി ഓഡിറ്റിന് വിശദാംശങ്ങൾ നൽകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 9/15-16/23.12.16 രണ്ടാം ഖണ്ഡികക്ക് മറുപടിയായി നിലവിൽ പഞ്ചായത്തിൽ ഗാർഹികേതര ആവശ്യത്തിന് ഉപയോഗിക്കുന്ന 2710 കെട്ടിടങ്ങളിൽ അവ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നല്കിയിട്ടില്ലെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഗാർഹികേതര ആവശ്യത്തിന് ഉപയോഗിക്കുന്ന 2710 കെട്ടിടങ്ങളിൽ അവ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നല്കി, മറുപടിയുടെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെയും ആളുകളെയും തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ 2015-16 ലേക്ക് D&O ലൈസൻസ് എടുത്ത 738 സ്ഥാപനങ്ങളിൽ 1996 ലെ കേ.പ.രാജ് ആക്ട് സെക്ഷനുകൾ 205(ബി) മുതൽ 205 (എഫ്) പ്രകാരവും 1996 കേ.പ.രാ തൊഴിൽനികുതി ചട്ടങ്ങൾ ചട്ടം 10, 13 എന്നിവ പ്രകാരവും നോട്ടീസ് നല്കി ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനത്തിന്റെ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്, ഓരോ സ്ഥാപനത്തിലെയും എത്ര ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട് എന്നീ വിശദാംശങ്ങളും ഓഡിറ്റിന് നൽകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ -9 /15-16/23.12.16 മൂന്നാം ഖണ്ഡികയ്ക്ക് മറുപടിയായി 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി )ചട്ടങ്ങൾ ഉപചട്ടം 18 പ്രകാരം തൊഴിൽനികുതി ഡിമാന്റ് പുരോഗതി വിലയിരുത്തുന്നതിനായി പഞ്ചായത്തും തൊഴിലുടമയും സൂക്ഷിക്കുന്ന V ാം നമ്പർ ഫോറത്തിലുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെങ്കിലും, ആയത് സൂക്ഷിക്കുന്നില്ലെന്നും ഇനിമേലിൽ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാൻ നിർദ്ദേശം നല്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നടപടിയെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 9/15-16/23.12.16 നാലാം ഖണ്ഡികയ്ക്ക് മറുപടിയായി കുടിശ്ശിക കൃത്യമായി അറിയുന്നതിനായി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം നടപടിയെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 തൊഴിൽനികുതി ഈടാക്കാത്തതു സംബന്ധിച്ച്

1996 ലെ കേ.പ.രാജ് ആക്ട് സെക്ഷനുകൾ 205(ബി) മുതൽ 205 (എഫ്) പ്രകാരവും 1996 കേ.പ.രാ തൊഴിൽനികുതി ചട്ടങ്ങൾ ചട്ടം 10, 13 എന്നിവ പ്രകാരവും താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തതിന് ഓഡിറ്റ് എൻക്വയറി നം 19 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു.

| ക്രമനം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ചുമട്ട്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള കണിയാമ്പറ്റ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നവർ -രണ്ട് അർദ്ധവർഷവും തൊഴിൽനികുതി അടവാക്കിയിട്ടില്ല. |
| 2 | കണിയാമ്പറ്റ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർ, കോൺട്രാക്ടർമാർ,വക്കീലുമാർ ,വിവിധ അക്ഷയസെന്ററുകളിലെ ജീവനക്കാർ -രണ്ട് അർദ്ധവർഷവും തൊഴിൽനികുതി അടവാക്കിയിട്ടില്ല. |
| 3 | ചുമട്ട്തൊഴിലാളി ക്ഷേമനിധി ഓഫീസ്, കണിയാമ്പറ്റ-രണ്ട് അർദ്ധവർഷവും തൊഴിൽനികുതി അടവാക്കിയിട്ടില്ല. |

ഇതിലെ ക്രമനം 1 ,2 പരാമർശത്തിന് മറുപടിയായി ഈ ജീവനക്കാരിൽ നിന്നു തൊഴിൽനികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

കണിയാമ്പറ്റ ചുമട്ട്തൊഴിലാളി ക്ഷേമനിധി ഓഫീസിലെ ജീവനക്കാർ തൊഴിൽനികുതി അടയ്ക്കാത്തതു സംബന്ധിച്ച ക്രമനം. 3 പ്രകാരമുള്ള ഓഡിറ്റ് പരാമർശത്തിന് മറുപടിയായി ആ ഓഫീസിൽ തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാർ ജോലിചെയ്യുന്നില്ല എന്നുള്ള കണിയാമ്പറ്റ ചുമട്ട്തൊഴിലാളി ക്ഷേമനിധി ഓഫീസിന്റെ ചെയർമാന്റെ കത്ത് സെക്രട്ടറി ഹാജരാക്കിയിട്ടുണ്ട്. എന്നാൽ 1996 ലെ കേ.പ.രാജ് ആക്ട് സെക്ഷനുകൾ 205(ബി) മുതൽ 205 (എഫ്) പ്രകാരവും 1996 കേ.പ.രാ തൊഴിൽനികുതി ചട്ടങ്ങൾ ചട്ടം 10, 13 എന്നിവ പ്രകാരവും ഈ സ്ഥാപനത്തിന് നോട്ടീസ് നല്കിയിട്ടുണ്ടോയെന്ന് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി)ചട്ടങ്ങൾ ഉപചട്ടം 18 പ്രകാരം തൊഴിൽനികുതി ഡിമാന്റ് പുരോഗതി വിലയിരുത്തുന്നതിനായി പഞ്ചായത്തും തൊഴിലുടമയും സൂക്ഷിക്കുന്ന V ാം നമ്പർ ഫോറത്തിലുള്ള രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 2-6 ടെലികമ്മ്യൂണിക്കേഷൻ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കാത്തതു സംബന്ധിച്ച്-

1) സ്വകാര്യടവറുകളിൽ നിന്നും വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാനുള്ളത് സംബന്ധിച്ച് ഏതാനും ഉദാ.താഴെപ്പറയുന്ന

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഈടാക്കേണ്ട നികുതി (സഞ്ചയ പ്രകാരം) |
|---|---|---|
| 1 | 8/207 | 50760/- (2013-14 രണ്ടാം അർദ്ധവർഷം മുതൽ) |
| 2 | 10/224-എ | 30448/-(2014-15 രണ്ടാം അർദ്ധവർഷം മുതൽ) |
| 3 | 15/32 | 28172/-(2014-15 രണ്ടാം അർദ്ധവർഷം മുതൽ) |
| 4 | 16/378-എ | 65520/-(2013-14 ഒന്നാം അർദ്ധവർഷം മുതൽ) |

കെ.പി.ആർ വകുപ്പ് 243 പ്രകാരം പഞ്ചായത്തിനു കിട്ടാനുള്ള എതെങ്കിലും നികുതിക്കോ മറ്റു സംഖ്യക്കോ യാതൊരു

ജപ്തിയും, യാതൊരു വ്യവഹാരവും, യാതൊരു പ്രോസിക്യൂഷൻ നടപടിയും ആ നികുതിയേയോ, ആ സംഖ്യയേയോ സംബന്ധിച്ചിടത്തോളം, അതതു സംഗതിപോലെ, ജപ്തി ആദ്യമേ നടത്തുകയോ, വ്യവഹാരം ആദ്യമേ കൊടുക്കുകയോ പ്രോസിക്യൂഷൻ നടപടി ആദ്യമേ തുടങ്ങുകയോ ചെയ്യാമായിരുന്ന തിയ്യതി മുതൽ 3 വർഷം കഴിഞ്ഞതിനുശേഷം നടത്തുകയോ, കൊടുക്കയോ, തുടങ്ങുകയോ ചെയ്യാൻ പാടില്ലാത്തതാണ്. കെ.പി.ആർ (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും)ചട്ടങ്ങളിലെ ഉപചട്ടം 14,15,16 പ്രകാരം വസ്തുനികുതി ഈടാക്കാൻ നടപടിയെടുത്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നമ്പർ - 18/15-16/ 30.12.16 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) 'ബി.എസ്.എൻ.എൽ. ടെലികമ്മ്യൂണിക്കേഷൻ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കാത്തതു സംബന്ധിച്ച് -

19.09.2012 ലെ സർക്കാർ ഉത്തരവ് ജി.ഒ(ആർ.ടി)2640/2012 പ്രകാരം ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കേണ്ടതാണ്. എന്നാൽ കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് പരിധിയിൽ നാളിതുവരെ പ്രവർത്തന ക്ഷമമായ 'ബി.എസ്.എൻ.എൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. ബി.എസ്.എൻ.എൽ. ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ താഴെപ്പറയുന്ന വിശദാംശങ്ങളും ഫയലുകളും നാളിതുവരെ സ്വീകരിച്ച നടപടികളുടെ പുരോഗതി വിവരവും ഓഡിറ്റിന് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നമ്പർ - 18/15-16/ 30.12.16 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

| ക്രമ നമ്പർ | പെർമിറ്റ് നമ്പർ/ തീയതി | സ്ഥാപിച്ച വർഷം | തറവിസ്തീർണ്ണം | ഈടാക്കിയ നികുതി |
|---|---|---|---|---|
| | | | | |
| | | | | |

ഇതിന് മറുപടിയായി 08/207,16/378-എ എന്നീ കെട്ടിട നമ്പറിൽ സ്ഥിതിചെയ്യുന്ന സ്വകാര്യടെലികമ്മ്യൂണിക്കേഷൻ ടവറുകളിൽ നിന്നും 31.12.2016 ന് 11604500021, 11604500022 എന്നീ രസീത് നമ്പറുകൾ പ്രകാരം യഥാക്രമം 50,760/- രൂപ, 65,520/-രൂപ എന്നിങ്ങനെ വസ്തുനികുതി ഈടാക്കിയതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ബി.എസ്.എൻ.എൽ. ടെലികമ്മ്യൂണിക്കേഷൻ ടവറുകളിൽ വസ്തുനികുതി ഈടാക്കുന്നതിലേക്കായി ഫീൽഡ് പരിശോധന നടത്തി തുടർനടപടി സ്വീകരിച്ചുവരുന്നതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ബി.എസ്.എൻ.എൽ. ടെലികമ്മ്യൂണിക്കേഷൻ ടവറുകളിൽ നിന്നും കടിശ്ശിക സഹിതം വസ്തുനികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 ഷോപ്പിംഗ് കോംപ്ലക്സ് കം ബസ്സ് വെയ്റ്റിംഗ് ഷെഡ് ഫലപ്രാപ്തിയിലെത്തിയില്ല, കെട്ടിടത്തിലെ മുറികളിൽ നിന്ന് നാളിതുവരെ വാടകയൊന്നും ലഭിച്ചിട്ടില്ല.

2000 മുതൽ കമ്പളക്കാടുള്ള ഷോപ്പിംഗ് കോംപ്ലക്സ് കം ബസ്സ് വെയ്റ്റിംഗ് ഷെഡിന് സ്ഥലം വാങ്ങുന്നതിന് 12,10,000/-രൂപയും കെട്ടിടനിർമ്മാണം, വൈദ്യുതീകരണം തുടങ്ങിയ പ്രവർത്തികൾക്കായി 43,99,638/-രൂപയും അടക്കം ആകെ 56,09638/-രൂപ ചെലവഴിച്ചുവെങ്കിലും ഇപ്പോഴും ബസ്സ് സ്റ്റാൻഡിൽ ബസ്സുകൾ കയറുന്നില്ല. സെക്രട്ടറിയുടെ എജിക്കുള്ള 06.01.16 ലെ എ-1-15293/2015 നമ്പർ കത്തിൽ ബസ്സ് സ്റ്റാൻഡിലെ സ്ഥലപരിമിതി മൂലം കമ്പളക്കാട് ബസ്സ് സ്റ്റാൻഡിനോടനുബന്ധിച്ച് ബസ്സ് സ്റ്റാൻഡ് വികസനത്തിന് അധികസ്ഥലം ലഭ്യമാകുന്നതിന് പഞ്ചായത്തിന്റെ 2015-16 വാർഷിക പദ്ധതിയിൽ 19/2016 നമ്പർ പ്രകാരം പദ്ധതി തയ്യാറാക്കി തുടർ പ്രവർത്തനം നടത്തി വരുകയാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ 2015-16 ലെ ചെലവ് പത്രിക പ്രകാരം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 20 ലക്ഷം രൂപ മറ്റുള്ള ഫണ്ടിനത്തിൽ വകയിരുത്തി കമ്പളക്കാട് ബസ്സ് സ്റ്റാൻഡ് വികസനത്തിന് അധികസ്ഥലം ലഭ്യമാകുന്നതിന് 19/16 നമ്പർ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചെങ്കിലും ഒരു രൂപപോലും 2015-16 വർഷത്തിൽ ചെലവഴിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

കമ്പളക്കാടുള്ള ഷോപ്പിംഗ് കോംപ്ളക്സ് കം ബസ്സ് വെയ്റ്റിംഗ് ഷെഡിലെ കെട്ടിടത്തിലെ മുറികളിൽ പ്രർത്തിക്കുന്ന കെ.എസ്.ഇ.ബി, മാവേലി സ്റ്റോർ, ബ്രാഞ്ച് പോസ്റ്റ് ഓഫീസ് എന്നീ കെട്ടിടങ്ങളിൽ നിന്നും ഇതുവരെ പഞ്ചായത്തിന് വാടകയൊന്നും ലഭിച്ചിട്ടില്ല. ഫയൽ പരിശോധിച്ചതിൽ (ബി-4-514/2016 തിയ്യതി 22/01/16 കത്ത് പ്രകാരം)കെ.ജി.പി 12/1111,1112,1113,1114 എന്നീ കെട്ടിടങ്ങൾ 2013 ൽ നിർമ്മിച്ചതാണെന്നും കെ.ജി.പി 12/1110-ബി,1113-എ എന്നീ കെട്ടിങ്ങൾ 2015 ലും നിർമ്മിച്ചതാണെന്നും കാണുന്നു. എന്നാൽ അസ്സസ്സ്മെൻറ് രജിസ്റ്റർ പരിശോധിച്ചതിൽ കെ.ജി.പി 12/1111,1112,1113,1114 എന്നീ കെട്ടിടങ്ങൾ ചേർത്തതായി കാണുന്നില്ല. ആയതിനാൽ അവ എന്ന് നമ്പറിട്ടതാണെന്ന് അറിയാൻ സാധിക്കുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

ഭരണസമിതിയുടെ 23/01/15 ലെ 68/2015(3) നമ്പർ തീരുമാനപ്രകാരം ഈ കെട്ടിടത്തിലെ കെ.ജി.പി 12/1111,12/1112 നമ്പറുകളുള്ള രണ്ട് മുറികൾ മാവേലി സ്റ്റോർ നടത്തുന്നതിന് സപ്ലൈക്കോയ്ക്ക് നല്കുവാനും കെ.ജി.പി 12/1110-എ നമ്പറുള്ള മുറി ബ്രാഞ്ച് പോസ്റ്റ് ഓഫീസിന് നല്കുവാനും കെട്ടിടത്തിലെ കെ.ജി.പി 12/1110-ബി,കെ.ജി.പി-12/1113,1114,1113-എ എന്നീ

മുറികളും ശ്രീ പി.അഗസ്റ്റിൻ എന്നവരുടെ കെട്ടിടത്തോട് ചേർന്നതും 10 മീറ്റർ വീതിയിലുള്ളതും 20 മീറ്റർ നീളത്തിലുള്ളതും കമ്പിവലയിൽ വേർതിരിച്ച് സജ്ജീകരിച്ചതുമായ 2182 സ്വയർഫീറ്റിലുള്ള സ്ഥലവും കെ.എസ്.ഇ.ബി.യ്ക്കും, പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന വാടക ഈടാക്കി അനുവദിക്കുവാനും തീരുമാനിച്ചു. കെ.ജി.പി 12/1110-എ നമ്പറുള്ള മുറി ബ്രാഞ്ച് പോസ്റ്റ് ഓഫീസിന് നല്കുവാൻ തീരുമാനിച്ചുവെങ്കിലും അവരുമായി കരാർ ഒപ്പുവെച്ചതിന്റെ രേഖ ഫയലിൽ ലഭ്യമല്ല. ആയത് ഓഡിറ്റിന് പരിശോധയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഇതിനെ തുടർന്ന് കെ.എസ്.ഇ.ബി. എക്സിക്യൂട്ടീവ് എൻജിനീയറുമായി 18/06/15 നം കേരള സിവിൽസപ്ലൈസ് കോർപ്പറേഷൻ ഡിപ്പോ മാനേജരുമായി 19/01/2016 നം വാടക ഉടമ്പടിയിൽ ഒപ്പുവെച്ചു. എന്നാൽ ഭരണസമിതിയുടെ 19/01/2016 ലെ 19/2016(2) തീരുമാനപ്രകാരം മേൽ കെട്ടിടങ്ങൾ 2016 ഫെബ്രുവരി മാസം മുതൽ പ്രസ്തുത സ്ഥാപനമേധാവികൾക്ക് കൈവശത്തിൽ വയ്ക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. കെ.എസ്.ഇ.ബി. എക്സിക്യൂട്ടീവ് എൻജിനീയറുടെ (ഇലക്ട്രിക്കൽ ഡിവിഷൻ) 02/07/16 ലെ ഡി.ബി/റ്റി-32/ബിൽഡിംഗ് റെന്റ്-കമ്പളക്കാട്/16-17 /372 കത്ത് പ്രകാരം 11/07/2016 മുതൽ ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതാണെന്ന് അറിയിച്ചതായി ഫയലിൽ കാണുന്നു. 2005 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ സെക്ഷൻ 7 പ്രകാരം കരാർ ഒപ്പിട്ട തിയ്യതി മുതൽ മുറി വാടകയ്ക്കെടുത്തവർ വാടക അടയ്ക്കാൻ ബാദ്ധ്യസ്ഥരാണ്. ആയതിനാൽ പി.ഡബ്ല്യു.ഡി നിശ്ചയിക്കുന്ന വാടക നിരക്ക് കരാർ തിയ്യതി മുതൽ വാടകയ്ക്കെടുത്തവരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ മുറികളുടെ വാടക നിശ്ചയിക്കുന്നതിന് പഞ്ചായത്ത് 22.01.2016 ന് എ2-18359/2014 കത്ത് പ്രകാരം കൽപ്പറ്റ എക്സിക്യൂട്ടീവ് എൻജിനീയർ പൊതുമരാമത്ത് കെട്ടിടവിഭാഗത്തിന് കത്ത് നല്കി. എന്നാൽ അപേക്ഷയിൽ കെട്ടിടം വാടകക്ക് നല്കിയ തിയ്യതിയിലെ ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ്, പ്രോഫോർമ, പി.ഡബ്ല്യു.ഡി. നിശ്ചയിക്കുന്ന വാടക സ്വീകരിക്കാൻ സമ്മതമാണെന്നുള്ള കെട്ടിട ഉടമയുടെ സമ്മതപത്രം എന്നിവ ഇല്ലാത്തതിനാൽ അപേക്ഷ 12/02/2016 ന് എക്സിക്യൂട്ടീവ് എൻജിനീയർ തിരിച്ചയച്ചു. ആയതിന് മറുപടി അയച്ചത് 22/12/2016 ന് മാത്രമാണ്. വർഷങ്ങൾക്ക് മുൻമ്പ് നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സ് കം ബസ്സ് വെയ്റ്റിംഗ് ഷെഡ് കെട്ടിടത്തിലെ മുറികളിൽ നിന്ന് നാളിതുവരെയായി പഞ്ചായത്തിന് ഒരു രൂപപോലും വാടകയിനത്തിൽ വരുമാനം ലഭിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ -21 /15-16/30.12.16 ന് മറുപടിയായി ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ വന്ന കാലതാമസം കാരണമാണ് വാടക നിശ്ചയിക്കാൻ വൈകിയതെന്നും പൊതുമരാമത്ത് വകുപ്പ് വാടക നിശ്ചയിക്കുന്ന മുറയ്ക്ക് മുൻകാല പ്രാബല്യത്തിൽ വാടക ഈടാക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വാടക്കാരിൽ നിന്നും കരാർ പ്രാബല്യംവന്ന തിയ്യതി മുതലുള്ള വാടക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കെ.ജി.പി 12/1110-എ നമ്പറുള്ള മുറി ബ്രാഞ്ച് പോസ്റ്റ് ഓഫീസിന് നല്കുവാൻ തീരുമാനിച്ചുവെങ്കിലും അവരുമായി കരാർ ഒപ്പുവെച്ചതിന്റെ രേഖ ഓഡിറ്റിന് ഹാജരാക്കിയില്ല. ആയത് പരിശോധയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ബസ്സ് സ്റ്റാൻഡിന്റെ വിവിധ പ്രവർത്തികൾക്കായി 56,09,638/- രൂപ നാളിതുവരെ ചെലവഴിച്ചുവെങ്കിലും ഇപ്പോഴും ബസ്സ് സ്റ്റാൻഡിൽ ബസ്സുകൾ കയറുന്നില്ല. ബസ്സ് സ്റ്റാൻഡിലെ സ്ഥലപരിമിതി മൂലം കമ്പളക്കാട് ബസ്സ് സ്റ്റാൻഡിനോടനുബന്ധിച്ച് ബസ്സ് സ്റ്റാൻഡ് വികസനത്തിന് അധികസ്ഥലം ലഭ്യമാകുന്നതിന് പഞ്ചായത്തിന്റെ 2015-16 വാർഷിക പദ്ധതിയിൽ 19/2016 നമ്പർ പദ്ധതിയായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 20 ലക്ഷം രൂപ മറ്റുള്ള ഫണ്ടിനത്തിൽ വകയിരുത്തിയെങ്കിലും ഒരു രൂപപോലും 2015-16 വർഷത്തിൽ ചെലവഴിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-8 ബഹു. ജില്ലാകളക്ടറുടെയും ബഹു.കേരളഹൈക്കോടതിയുടെയും ഉത്തരവിന് വിരുദ്ധമായി കെട്ടിടപെർമ്മിറ്റ് നല്കി

ശ്രീ നിസാർ, കുഞ്ഞമ്മദ്, കുഞ്ഞബ്ദുള്ള, നാസർ, നിഷാദ് എന്നിവർക്ക് കെട്ടിടപെർമിറ്റ് നം152/15 തിയ്യതി 15/03/16 പ്രകാരം കണിയാമ്പറ്റ വില്ലേജിലെ 12 വാർഡിൽ 798/7, 798/8 എന്നീ സർവ്വേനമ്പറുകളിൽ (യഥാക്രമം 178 $m^2$,445 $m^2$ വിസ്തീർണ്ണം -ആകെ 623 $m^2$) സ്ഥിതിചെയ്യുന്ന സ്ഥലത്ത് വാണിജ്യവും താമസാവശ്യത്തിനുമായി 1953.46 $m^2$ തറവിസ്തീർണ്ണമുള്ള രണ്ട് സെല്ലാർ നിലയടക്കം നാലുനില കെട്ടിടം പണിയുന്നതിന് പെർമിറ്റ് നല്കി. ഈടാക്കിയ പെർമിറ്റ്ഫീ -1953.46 @ 7=13675/-രൂപ.(രസീത് നം.ഫയലിൽ എഴുതിയിട്ടില്ല) കെട്ടിട പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ബഹു. ജില്ലാകളക്ടറുടെ 30/06/2015 ലെ 2014/21178/12/എച്ച്3 ഉത്തരവ് പ്രകാരവും ബഹു.കേരളഹൈക്കോടതിയുടെ ഡബ്ല്യു(പിസി)നം. 29516/15 (എൽ)03/11/15 ഉത്തരവ് പ്രകാരവും 30/06/15 ന് ശേഷം കണിയാമ്പറ്റ പഞ്ചായത്തിൽ 3 നിലയിൽ കൂടുതലുള്ള കെട്ടിടം നിർമ്മിക്കാൻ പാടില്ല. എന്നാൽ ഈ കെട്ടിടത്തിന് സെല്ലാർ ഉൾപ്പെടെ നാല് നിലയുണ്ട്.
2. സർക്കുലർ നം 12900/ആർ.എ1/15/തസ്വഭവ തിയ്യതി 02/12/15 സെക്ഷൻ 6 പ്രകാരം കെട്ടിടനിർമ്മാണ

പെർമ്മിറ്റിനുള്ള അപേക്ഷയിൻമേൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വിശദമായ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ഈ റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേനം, വിസ്തീർണ്ണം, വില്ലേജ്, കൈവശവകാശം, ഉപയോഗക്രമം, എഫ്.എ.ആർ, കവറേജ്, നിലകളുടെ എണ്ണം, പാർക്കിംഗ്, പെർമ്മിറ്റ് സംബന്ധമായ കണക്കാക്കലുകൾ മുതലായവ സംബന്ധിച്ച വിശദമായ വിവരങ്ങൾ ഉണ്ടാകേണ്ടതാണ്. ആയത് പരിശോധനയക്ക് ലഭ്യമാക്കേണ്ടതാണ്.

സൈറ്റ് പ്ലാനിലെ സ്ഥലത്തിന്റെ അളവും വില്ലേജ് ഓഫീസർ നല്കിയ സ്കെച്ചും തമ്മിൽ പൊരുത്തപ്പെടുന്നില്ല. സൈറ്റ് പ്ലാനിൽ റവന്യ സർവ്വേനമ്പർ വിവരങ്ങളടക്കം നിർദിഷ്ട നിർമ്മാണത്തിനായി ഉദ്ദേശിക്കുന്ന പ്ലോട്ടിന്റെ അതിരുകളും പ്ലോട്ടുടമയുടെ തന്നെ തൊട്ടടുത്ത ഭൂമിയുടെ അതിരുകൾ എന്നിവ കാണിച്ചിട്ടില്ല (കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ 2011 ചട്ടം 7 ഉപചട്ടം(11))

3) സ്ഥലത്തിന്റെ ആധാരപ്രകാരം പ്ലോട്ടിന്റെ വിസ്തീർണ്ണം- 623 $m^2$ (നിസാറിന്റെ ഉടമസ്ഥതയിലുള്ള സർവ്വേനം - 798/7 ലുള്ള 178 $m^2$, സർവ്വേനം- 798/8 ലുള്ള 445$m^2$ അടക്കം 623$m^2$). ആധാരപ്രകാരം സർവ്വേനം - 798/7 ലുള്ള കുഞ്ഞബ്ദുള്ള, നാസർ, നിഷാദ് എന്നിവരുടെ ഉടമസ്ഥതയിലുള്ള 364$m^2$ വിസ്തീർണ്ണമുള്ള സ്ഥലം മേൽ സ്ഥലത്തിന്റെ അതിരായി വരുന്ന സ്ഥലമല്ല.

2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ അധ്യായം 5-ചട്ടം34(ഉപചട്ടം(2)(ii),(iii)) പ്രകാരം കെട്ടിടത്തിന്റെ വിനിയോഗം വാണിജ്യമാണ്. കാരണം സെല്ലാർ നില-1- പാർക്കിംഗ്- 564.97$m^2$ (പാർക്കിംഗ് തറവിസ്തീർണ്ണത്തിൽ ഉൾപ്പെടില്ല), സെല്ലാർ നില-2- താമസം- 192.2 $m^2$, ഗ്രൗണ്ട് നില-വാണിജ്യം-572.54 $m^2$, ഒന്നാംനില-വാണിജ്യം-602.69 $m^2$, സ്റ്റെയർ-1,2 യഥാക്രമം 13.5 $m^2$,56 $m^2$. ആകെ 1953.46 $m^2$.

2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ അധ്യായം 5-ചട്ടം35(ഉപചട്ടം(2) പ്രകാരം കെട്ടിടത്തിന്റെ പരമാവധി അനുവദനീയമായ തറവിസ്തീർണ്ണാനുപാതം അധിക ഫീസില്ലാതെ 1.75ഉം ഓരോ ചതുരശ്രമീറ്റർ അധികതറ വിസ്തീർണ്ണത്തിനും 500/-രൂപ എന്നതോതിൽ അധികഫീസോടുകൂടി പരമാവധി 2.25 വരെയുമാണ്. ഈ കെട്ടിടത്തിന്റെ പ്ലോട്ടുവിസ്തീർണ്ണം-623 $m^2$. എല്ലാ നിലകളുടെയും മൊത്തം തറ വിസ്തീർണ്ണം- 1953.46 $m^2$-564.97$m^2$=1388.49 $m^2$. ആയതിനാൽ തറവിസ്തീർണ്ണാനുപാതം= 1388.49/623= 2.229. എന്നാൽ അനുവദനീയമായ തറവിസ്തീർണ്ണം അധികഫീസില്ലാതെ 1090.25 $m^2$,അധിക ഫീസോടുകൂടി 298.24 $m^2$ അടക്കം ആകെ-1388.49 $m^2$ ആണ്. (പരമാവധി മൂന്ന് നില സെല്ലാർ അടക്കം). ആയതിന് ഈടാക്കേണ്ട പെർമിറ്റ് ഫീ ഇപ്രകാരമാണ്-1090.25x5+298.24x500= 5451.25+149120=154571.25 രൂപ (നിയമാനുസൃതമായ പ്ലാൻ പ്രകാരം).

ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 17 /15-16/24.12.16 ന് മറുപടിയായി ബഹു. ജില്ലാകളക്ടറുടെ 30/06/2015 ലെ 2014/21178/12/എച്ച്3 ഉത്തരവ് പ്രകാരവും ബഹു.കേരളഹൈക്കോടതിയുടെ ഡബ്ല്യു(പിസി) നം.29516/15(എൽ) 03/11/15 ഉത്തരവും പരിഗണിക്കാതെ അബദ്ധത്തിൽ കെട്ടിടപെർമിറ്റ് നല്കിയതാണെന്നും ആ നിർമ്മാണാനുമതി റദ്ദാക്കുന്നതുമാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നിയമാനുസൃത നടപടിയെടുത്ത് ഓഡിറ്റിനെ ഉടൻ അറിയിക്കേണ്ടതാണ്. ഭാവിയിൽ നിയമാനുസൃതമായി മാത്രമേ കെട്ടിടനിർമ്മാണ പെർമ്മിറ്റ് നൽകുകയുള്ളൂവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-9 കേരള പഞ്ചായത്ത്കെട്ടിടനിർമ്മാണചട്ടങ്ങൾക്ക് വിരുദ്ധമായി കെട്ടിടപെർമ്മിറ്റ് നല്കി

ശ്രീ അഹമ്മദ് എം, മണിയോടൻ, കമ്പളക്കാട് എന്നവർക്ക് കെട്ടിടപെർമിറ്റ് നം 05/12 തിയ്യതി 07/06/2012 പ്രകാരം 5ാം വാർഡിൽ 785/4,785/5,785/6,785/14,785/15,785/16 എന്നീ സർവ്വേനമ്പറുകളിൽ (ഫയലിലുള്ള ആധാരംനമ്പർ1545/91 പ്രകാരം സർവ്വേനം.267/3 ലെ സ്ഥലവിസ്തീർണ്ണം 283 $m^2$+405$m^2$ = 688 $m^2$ ഉം ആധാരംനമ്പർ 1733/08 പ്രകാരം 785/14,785/15,785/16 എന്നീ സർവ്വേനമ്പറുകളിലെ സ്ഥലവിസ്തീർണ്ണം യഥാക്രമം 45 $m^2$,30 $m^2$,120 $m^2$ എന്നിങ്ങനെ ആകെ 883 $m^2$)സ്ഥിതിചെയ്യുന്ന സ്ഥലത്ത് വാണിജ്യാവശ്യത്തിനുള്ള ഒരു സെല്ലാർ നിലയടക്കം മൂന്ന്നില കെട്ടിടം പണിയുന്നതിന് പെർമിറ്റ് നല്കി. ഈടാക്കിയ പെർമിറ്റ്ഫീയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്

ആദ്യം നല്കിയ കെട്ടിടപെർമിറ്റ് പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം ഇപ്രകാരമാണ്.

സെല്ലാർ നില-നിലവിലുള്ളത് - 59.11 $m^2$

സെല്ലാർ നില -നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് -108.56 $m^2$

ഗ്രൗണ്ട് നില-നിലവിലുള്ളത്-91.19 $m^2$

ഗ്രൗണ്ട് നില-നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് -121.52 $m^2$

ഒന്നാംനില നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് -127.40 $m^2$

ആകെ 515.78 m2. പ്ലോട്ടിന്റെ വിസ്തീർണ്ണം-883 $m^2$.

ആധാരംനമ്പർ 95/15 പ്രകാരം 785/14,785/15,785/16 എന്നീ സർവ്വേനമ്പറുകളിലെ സ്ഥലം (195 $m^2$) ശ്രീ അമ്മദ് മകൻ സാജിദ് മണിയോടന് നല്കിയതിന്റെ അടിസ്ഥാനത്തിൽ 10/03/15 ലെ സാജിദ് മണിയോടന്റെയും അമ്മദിന്റെയും അപേക്ഷ പ്രകാരം 21/04/15 ന് മേൽ കെട്ടിടപെർമിറ്റ് അദ്ദേഹത്തിന്റെ പേരിലേക്ക് മാറ്റി. 2011 ലെ കേരള പഞ്ചായത്ത്കെട്ടിടനിർമ്മാണചട്ടങ്ങൾ അധ്യായം 5-ചട്ടം35(ഉപചട്ടം(2)(ii),(iii)) പ്രകാരം കെട്ടിടത്തിന്റെ വിനിയോഗം വാണിജ്യമാണ്. 2011 ലെ കേരള പഞ്ചായത്ത്കെട്ടിടനിർമ്മാണചട്ടങ്ങൾ അധ്യായം 5-ചട്ടം35(ഉപചട്ടം(2) പ്രകാരം കെട്ടിടത്തിന്റെ പരമാവധി അനുവദനീയമായ തറവിസ്തീർണ്ണാനുപാതം അധിക ഫീസില്ലാതെ 1.75ഉം ഓരോ ചതുരശ്രമീറ്റർ അധികതറ വിസ്തീർണ്ണത്തിനും 500/-രൂപ എന്നതോതിൽ അധികഫീസോടുകൂടി പരമാവധി 2.25 വരെയുമാണ്. സാജിദ് മണിയോടന്റെ പേരിലേക്ക് മാറ്റിയ പുതിയ കെട്ടിടപെർമിറ്റ് പ്രകാരം ആധാരംനമ്പർ 95/15 പ്രകാരമുള്ള 785/14,785/15,785/16 എന്നീ സർവ്വേനമ്പറുകളിലെ 195 $m^2$ വിസ്തീർണ്ണമുള്ള പ്ലോട്ടിലാണ് കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. നിലവിലുള്ളതും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതുമായ കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 515.78 $m^2$ ആയതിനാൽ തറവിസ്തീർണ്ണാനുപാതം= 515.78/195 = 2.645. അതുകൊണ്ട് അനുവദനീയമായ തറവിസ്തീർണ്ണം അധികഫീസില്ലാതെ 341.25 $m^2$, അധിക ഫീസോടുകൂടി 97.5 $m^2$ അടക്കം ആകെ-438.75 $m^2$ ആണ്. അതിൽ കൂടുതൽ തറവിസ്തീർണ്ണത്തിൽ കെട്ടിടം പണിയാൻ പാടില്ല. 438.75$m^2$ തറവിസ്തീർണ്ണത്തിൽ കെട്ടിടം പണിയാൻ ഈടാക്കേണ്ട പെർമിറ്റ് ഫീ ഇപ്രകാരമാണ്-341.25x5+97.5x500= 1706.25+48750 =50456/-രൂപ (നിയമാനുസൃതമായ പ്ലാൻ പ്രകാരം).

സർക്കുലർ നം 12900/ആർ.എ1/15/തസ്വഭവ തിയ്യതി 02/12/15 സെക്ഷൻ 6 പ്രകാരം കെട്ടിടനിർമ്മാണ പെർമ്മിറ്റിനുള്ള അപേക്ഷയിൻമേൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വിശദമായ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ഈ റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേനം, വിസ്തീർണ്ണം, വില്ലേജ്, കൈവശകാശം, ഉപയോഗക്രമം, എഫ്.എ.ആർ, കവറേജ്, നിലകളുടെ എണ്ണം, പാർക്കിംഗ്, പെർമ്മിറ്റ് സംബന്ധമായ കണക്കാക്കലുകൾ മുതലായവ സംബന്ധിച്ച വിശദമായ വിവരങ്ങൾ ഉണ്ടാകേണ്ടതാണ്. ആയത് പരിശോധനയക്ക് ലഭ്യമാക്കേണ്ടതാണ്.

സൈറ്റ് പ്ലാനിലെ സ്ഥലത്തിന്റെ അളവും വില്ലേജ് ഓഫീസർ നല്കിയ സ്കെച്ചും തമ്മിൽ പൊരുത്തപ്പെടുന്നില്ല. സൈറ്റ് പ്ലാനിൽ റവന്യൂ സർവ്വേനമ്പർ വിവരങ്ങളടക്കം നിർദിഷ്ട നിർമ്മാണത്തിനായി ഉദ്ദേശിക്കുന്ന പ്ലോട്ടിന്റെ അതിരുകളും പ്ലോട്ടുടമയുടെ തന്നെ തൊട്ടടുത്ത ഭൂമിയുടെ അതിരുകൾ കാണിച്ചിട്ടില്ല (കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ 2011 ചട്ടം 7 ഉപചട്ടം(11)). വിശദീകരണം നൽകേണ്ടതാണ്.

19/10/15 ലെ കെട്ടിടഉടമയുടെ ഭാഗിക പൂർത്തീകരണസർട്ടിഫിക്കറ്റ് പ്രകാരം നിലവിലെ സെല്ലാർ നില-59.11 $m^2$ (പൂർത്തീകരണപ്ലാനിൽ ഇക്കര്യം സൂചിപ്പിക്കുന്നില്ല), ഗ്രൗണ്ട് നില- 99.19 $m^2$(പൂർത്തീകരണപ്ലാൻ പ്രകാരം) ഗ്രൗണ്ട് നില -125.40 $m^2$, ഒന്നാംനില-137.64 $m^2$, സ്റ്റെയർ റൂം-13.33 $m^2$ എന്നിവയടക്കം ആകെ 434.67 $m^2$ പണിപൂർത്തീകരിച്ചിട്ടുണ്ട്. സെല്ലാർ നില ( 108.56 $m^2$)പണി നടന്നുവരുന്നു. ഇതടക്കം ആകെ-543.23$m^2$.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 22/15-16/30.12.16 ന് മറുപടിയായി ശ്രീ അഹമ്മദിന് 07.06.12 ൽ അനുവദിച്ച പെർമ്മിറ്റ് ശ്രീ സാജിദ് മണിയോടന്റെ പേരിലേക്ക് കൈമാറ്റം ചെയ്യുതിൽ എഫ്.എ.ആർ, കവറേജ്, പാർക്കിംഗ് എന്നിവ പാലിക്കുന്ന രീതിയിൽ ആവശ്യമായ ഭൂമി ശ്രീ സാജിദ് മണിയോടന്റെ പേരിൽ ലഭ്യമാക്കുന്നതിനോ കെട്ടിടത്തിന്റെ പെർമ്മിറ്റ് സംയുക്തമാക്കുന്നതിനോ വേണ്ടി കക്ഷികൾക്ക് നോട്ടീസ് നല്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ശ്രീ സാജിദ് മണിയോടന്റെ ഭാഗികമായി പൂർത്തീകരിച്ച കെട്ടിടം സ്ഥലപരിശോധന നടത്തിയതിൽ താഴെപ്പറയുന്ന കാര്യങ്ങൾ കണ്ടെത്തി.

സെല്ലാർ (ചുമർ,തറ പണി പൂർത്തികരിച്ചിട്ടില്ല.) നിലയിൽ നിന്ന് ബീം ഉയർത്തി അതിനു മുകളിൽ തറ നിലയും ഒന്നാംനിലയും പണികഴിപ്പിച്ചിട്ടുണ്ട്. ഗ്രൗണ്ട് നിലയിലെ മുറികൾക്ക് ഷട്ടർ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഒന്നാംനിലയിലെ മുറികൾക്ക് ഷട്ടർ സ്ഥാപിച്ചിട്ടില്ല. എന്നാലും ഭാഗികമായി പണി പൂർത്തികരിച്ച കെട്ടിടത്തിന് ഇപ്രകാരം കെട്ടിടനമ്പർ നല്കിയിട്ടുണ്ട്. ഗ്രൗണ്ട് നില-V-164 -A,B,C,ഒന്നാംനില-V-164 D,E,F എന്നിങ്ങനെ. ഈ കെട്ടിടത്തോട് ചേർന്നു തന്നെ സെല്ലാർ നിലയടക്കം മൂന്ന് നിലയുള്ള മറ്റൊരു കെട്ടിടം സ്ഥിതിചെയ്യുന്നതായി കാണപ്പെട്ടു.

2011 ലെ കേരള പഞ്ചായത്ത്കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 37 ടേബിൾ 3.2 പ്രകാരം 300 മുതൽ 1500 വരെ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിലേക്കുള്ള പ്രവേശനമാർഗ്ഗത്തിന്റെ ചുരുങ്ങിയ വീതി 3.6 മീറ്ററാണ് വേണ്ടതെങ്കിലും സ്ഥലപരിശോധനയിൽ കെട്ടിടത്തിലേക്കുള്ള പ്രവേശനമാർഗ്ഗത്തിന്റെ വീതി 2 മീറ്റർ മാത്രമേ ഉള്ളൂ എന്ന് കണ്ടെത്തി.

പണികഴിപ്പിച്ചിട്ടുള്ള കെട്ടിടത്തിന് 11.8 മീറ്റർ ഉയരമുണ്ട്. 2011 ലെ കേരള പഞ്ചായത്ത്കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 97 സി ഖണ്ഡിക 3 പ്രകാരം ഈ കെട്ടിടത്തിന് തൊട്ടടുത്തകെട്ടിടത്തിൽ നിന്നും എറ്റവും ചുരുങ്ങിയത് 1.5 മീറ്റർ അകലം വേണമെന്നിരിക്കെ തറകൾ തമ്മിൽ വെറും 90 സെ.മീ മാത്രമേ അകലമുള്ളൂ എന്ന് മാത്രമല്ല തൊട്ടടുത്ത കെട്ടിടത്തിന്റെ സൺഷേഡും നിർദിഷ്ടകെട്ടിടവും തമ്മിൽ ചേർന്നു നിൽക്കുന്നതായും സ്ഥലപരിശോധനയിൽ തെളിഞ്ഞു.

2011 ലെ കേരള പഞ്ചായത്ത്കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം102 ഉപചട്ടം (2)(iv) പ്രകാരം ഈ കെട്ടിടത്തിന് ഒരു ചതരശ്രമീറ്റർ കവറേജ് വിസ്തീർണ്ണത്തിന് 25 ലിറ്റർ എന്നതോതിൽ മഴവെള്ള സംഭരണടാങ്ക് ആവശ്യമാണെങ്കിലും ആയത് നിർമ്മിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 38ഉപചട്ടം (2)ടേബിൾ 4-ബി (6) പ്രകാരം 75 $m^2$ കാർപ്പറ്റ് വിസ്തീർണ്ണത്തിന് ഒരു പാർക്കിംഗ് യൂണിറ്റ്(15 $m^2$)സ്ഥലം ഒരുക്കേണ്ടതുണ്ട്. ആയത് പ്രകാരം 227.37 $m^2$ കാർപ്പറ്റ് വിസ്തീർണ്ണമുള്ള (ഭാഗിക പൂർത്തീകരണ പ്ലാൻ പ്രകാരം) ഈ കെട്ടിടത്തിന് നാല് പാർക്കിംഗ് യൂണിറ്റ്= 60$m^2$ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ട്. (സെല്ലാർ നിലകൂടി ഉൾപ്പെടുമ്പോൾ പാർക്കിംഗ് സൗകര്യം അതിനനുസരിച്ച് കൂടുതൽ ഏർപ്പെടുത്തേണ്ടതായുണ്ട്). ആയത് ഏർപ്പെടുത്തിയിട്ടുള്ളതായി സ്ഥപരിശോധനയിൽ കണ്ടില്ല.

ആയതിനാൽ 2011 ലെ കേരള പഞ്ചായത്ത്കെട്ടിടനിർമ്മാണചട്ടങ്ങൾ അധ്യായം 5-ചട്ടം35(ഉപചട്ടം(2)), ചട്ടം 37 ടേബിൾ 3.2, ചട്ടം 97 സി ഖണ്ഡിക 3,ചട്ടം102 ഉപചട്ടം (2)(iv),ചട്ടം 38ഉപചട്ടം (2)ടേബിൾ 4-ബി (6) എന്നിവയ്ക്ക് വിരുദ്ധമായി നിർമ്മിച്ച ഈ അനധികൃത കെട്ടിടത്തിനെതിരെ 2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ അധ്യായം 3 ചട്ടം 20 പ്രകാരം നടപടിയെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുമരാമത്ത് പ്രവൃത്തികൾ-അശാസ്ത്രീയമായ ആസൂത്രണവും നടപ്പാക്കലും

ഒരു എഞ്ചിനീയറും ഒരു ഓവർസീയറും ഒരു ക്ലാർക്കും മാത്രമാണ് പഞ്ചായത്തിലെ എൻജിനീയറിംഗ് വിഭാഗത്തിലുള്ളത്. തൻവർഷം ഒരു ഓവർസീയർ മാത്രമാണ് പഞ്ചായത്തിൽ ഉണ്ടായിരുന്നത്. ക്ലറിക്കൽ തസ്തികയും അസിസ്റ്റന്റ് എൻജിനീയർ തസ്തികയും ഒഴിഞ്ഞുകിടക്കുകയായിരുന്നു. തൻവർഷം പഞ്ചായത്തിൽ അംഗീകാരം വാങ്ങിയ 233 പ്രൊജക്ടുകളിൽ 195പ്രോജക്ടുകൾ നടപ്പാക്കി. മാനന്തവാടി നഗരസഭയിലെ അസിസ്റ്റന്റ് എൻജിനീയർക്ക് ഈ പഞ്ചായത്ത് കൂടാതെ മറ്റ് ഒരു പഞ്ചായത്തിന്റെ അധീഷണൽ ചാർജ്ജും ഉണ്ടായിരുന്നു. ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവർ വെക്കുന്ന പദ്ധതികളുടെ ജോലികളും എൻജിനീയർ നിർവഹിക്കേണ്ടതായിട്ടുണ്ട്. ചെറിയ ചെറിയ തുകകൾ വകയിരുത്തി അസംഖ്യം റോഡ് പ്രവൃത്തികൾ ഉൾപ്പെടെ ഭാഗികമായ പ്രവൃത്തികളാണ് പഞ്ചായത്ത് ആസൂത്രണം ചെയ്തിട്ടുള്ളത്. പല റോഡുകളും കുറച്ചുഭാഗം മാത്രം റീടാറിംഗ് നടത്തി മറ്റു ഭാഗം കുണ്ടും കുഴിയുമായി അവശേഷിക്കുന്നു. ഒരു റോഡും പൂർണ്ണമായി ഗതാഗതയോഗ്യമാക്കുന്ന രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നില്ല. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ 16.11.13 ലെ ജി.ഒ.(എം.എസ്) 362/2013 പ്രകാരം ഒരു പദ്ധതി പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിയുന്ന രീതിയിലായിരിക്കണം പ്രോജക്ട് തയ്യാറാക്കേണ്ടത്. തുകകൾക്ക് അനുസൃതമായി ഭാഗികമായ പ്രോജക്ടുകൾ തയ്യാറാക്കാൻ പാടില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ പതിയേണ്ടതുണ്ട്.

## 3-2 ഗുണഭോക്തൃസമിതി പ്രവൃത്തി മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല

ഗുണഭോക്തൃസമിതി പ്രവൃത്തി മാനദണ്ഡങ്ങൾ പാലിക്കാത്തത് സംബന്ധിച്ച്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1999 ലെ ഗുണഭോക്തൃസമിതി മാർഗ്ഗരേഖപ്രകാരം ഗുണഭോക്തൃസമിതിയുടെ ചെയർമാനും കൺവീനറും അംഗങ്ങളും ഗുണഭോക്തൃ പ്രദേശത്തെ അംഗങ്ങളാണെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. പ്രവൃത്തികളുടെ നിർവ്വഹണത്തിൽ ഈ നിബന്ധന പാലിച്ചിട്ടില്ല. ഇതിനുപുറമേ പ്രവൃത്തി നിർവ്വഹണത്തിന്റെ രേഖകൾ പരിശോധനയിൽ കണ്ട മറ്റ് അപാകതകൾ താഴെ പറയുന്നു.

1. മിനട്ട്സ് ബുക്ക് : ആഴ്ചയിൽ ഒരിക്കൽ യോഗം ചേർന്നതായി കാണുന്നില്ല. ബാങ്കിൽ നിന്ന് എത്ര രൂപ പിൻവലിക്കണം, സാധനങ്ങൾ ഏത് നിരക്കിൽ എവിടെ നിന്ന് വാങ്ങണം, എത്ര തൊഴിലാളികളെ നിയോഗിക്കണം തുടങ്ങിയ കാര്യങ്ങൾ തീരുമാനിച്ചതായി മിനട്ട്സിൽ രേഖപ്പടുത്തലുകൾ ഇല്ല.
2. മസ്റ്റർറോൾ :മസ്റ്റർറോളുകളിൽ തൊഴിലാളികൾ ഒപ്പിനോടൊപ്പം തീയതി രേഖപ്പെടുത്തിയിട്ടില്ല. മസ്റ്റർറോളിൽ തൊഴിലാളികൾ തീയതിവെച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. തീയതിവെച്ച് ഒപ്പിടാത്ത മസ്റ്റർറോളുകൾ അസാധുവാണ്.
3. ബാങ്ക് അക്കൗണ്ട് : മാർഗ്ഗരേഖ പ്രകാരം ഗുണഭോക്തൃസമിതിയുടെ പണമിടപാടുകൾ ചെയർമാന്റെയും കൺവീനറുടെയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ട് വഴി ആയിരിക്കണം. എന്നാൽ ഓഡിറ്റിന് സമർപ്പിച്ച ഗുണഭോക്തൃസമിതി വർക്കുകളുടെ ഫയലുകളിൽ ഒന്നും ബാങ്ക് അക്കൗണ്ടിന്റെ രേഖയില്ല (ബാങ്ക് പാസ്സ് ബുക്ക്).
4. വരവ് ചെലവ് കണക്ക് പുസ്തകം എഴുതി സൂക്ഷിച്ചിട്ടില്ല.
5. ദൈനംദിന ഡയറി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
6. വൗച്ചറുകളിൽ ചെയർമാൻ ഒപ്പ് രേഖപ്പടുത്തിയിട്ടില്ല.
7. പല ഫയലുകളിലും ഗുണഭോക്തൃസമിതിയുടെ രേഖകൾ വെച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി.നം. 5/15-16, തീയ്യതി 22.12.2016 പ്രകാരം ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. വിഷയങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 3-3 ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികൾക്കായി വാങ്ങുന്ന നിർമ്മാണസാധനങ്ങൾക്ക് വില്പനനികുതി ഈടാക്കിയ ബില്ല് ഇല്ല

2003-ലെ കേരള മൂല്യവർദ്ധിതനികുതി നിയമപ്രകാരം താഴെ കൊടുത്ത നിർമ്മാണ സാധനങ്ങൾക്ക് 14.5% നിരക്കിൽ മൂല്യവർദ്ധിതനികുതി ഈടാക്കേണ്ടതാണ്.

| ക്രമ നമ്പർ | ചരക്ക് | പട്ടിക | നികുതി നിരക്ക് |
|---|---|---|---|
| 2249 | STONE CRUSHED | V | 14.5% |
| 6244 | M SAND | V | 14.5% |

2015-16 സാമ്പത്തിക വർഷത്തിൽ ഗുണഭോക്തൃ സമിതികൾ വഴി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾക്കെല്ലാം മേൽ പട്ടികയിലെ ഇനങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ശരിയായ ബില്ലിന് പകരം കൈപ്പറ്റ് രശീതുകളാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്. സ്റ്റോൺ ക്രഷറുകൾക്ക് വാറ്റ് രജിസ്ട്രേഷൻ ഉള്ളതിനാൽ നിർമ്മാണ സാധനങ്ങൾ വാങ്ങിക്കുമ്പോൾ മൂല്യവർദ്ധിത നികുതി രേഖപ്പെടുത്തിയ ഒറിജിനൽ ബില്ലുകൾ തന്നെ വാങ്ങിക്കേണ്ടതാണ്. ഒറിജിനൽ ബില്ലുകൾ വാങ്ങിക്കാത്ത സാഹചര്യത്തിൽ സർക്കാർ ഖജനാവിന് വൻ നികുതി ചോർച്ച ഉണ്ടാകുന്നു. ഭാവിയിൽ ഇത്തരം വിഷയങ്ങൾ തടയുന്നതിന് ഭരണസമിതി നടപടിയെടുക്കേണ്ടതാണ്.

## 3-4 കുറഞ്ഞ നിരക്കിൽ ടെണ്ടർ അംഗീകരിക്കാത്തതിനാൽ നഷ്ടം.

2015-16 വർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ കുറഞ്ഞ നിരക്കുകളിലുള്ള ടെണ്ടർ അംഗീകരിക്കാത്തതിനാൽ നഷ്ടം സംഭവിച്ചു.

1. പ്രോജക്ട് നമ്പർ - 89/16

പ്രോജക്ട് - താഴെ വരദൂർ പടിക്കര റോഡ് സോളിംഗ്

ടെണ്ടർ തീയതി - 3.10.15

അടങ്കൽ - 2,70,000/-

അളവുപുസ്തകം - 104/15-16

എഗ്രിമെന്റ് നമ്പർ - 54/15-16/12.10.15

ക്വോട്ട് ചെയ്തതിൽ കുറഞ്ഞ നിരക്ക്/കരാറുകാരൻ-15.89 % കുറവ്,പി.പി.ജോയ്

അംഗീകരിച്ച ടെണ്ടർ നിരക്ക്/കരാറുകാരൻ-10 % കുറവ്, സെക്രട്ടറി.വേങ്ങപ്പള്ളി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി

ട്രഷറി ബിൽ നമ്പർ - 144/31.3.16

ആകെ പ്രവൃത്തിയുടെ മൂല്യം- 2,52,387/-

അധികം നൽകിയ തുക- (252387 x15.89/100-252387 x10/100) = 40104-25238=14,866/-

2). പ്രോജക്ട് നമ്പർ - 167/16

പ്രോജക്ട് - ചീക്കല്ലൂർ ഗവ.എൽ.പി.സ്കൂളിന് കോമ്പൌണ്ട് വാൾ

ടെണ്ടർ തീയതി - 3.10.15

അളവുപുസ്തകം - 63/15-16

എഗ്രിമെന്റ് നമ്പർ - 55/15-16/12.10.15

ക്വോട്ട് ചെയ്തതിൽ കുറഞ്ഞ നിരക്ക്/കരാറുകാരൻ-9.99 % കുറവ്,കെ.എം.വിനു

അംഗീകരിച്ച ടെണ്ടർ നിരക്ക്/കരാറുകാരൻ-8% കുറവ് ,സെക്രട്ടറി.വേങ്ങപ്പള്ളി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി

അടങ്കൽ - 2,50,000/-

ട്രഷറി ബിൽ നമ്പർ - 64/15.2.16

ആകെ പ്രവൃത്തിയുടെ മൂല്യം- 2,50,000/-

അധികം നൽകിയ തുക- (250000 x9.99/100-250000 x8/100) = 24975-20000 =4,975/-

3. പ്രോജക്ട് നമ്പർ - 95/16

പ്രോജക്ട് - പുളുർ വായനശാല ഓടക്കുറ്റി സലീം ഇടവഴി കോൺക്രീറ്റ്

ടെണ്ടർ തീയതി - 3.10.15

അളവുപുസ്തകം - 28/15-16

എഗ്രിമെന്റ് നമ്പർ - 12/15-16/19.9.15

ക്വോട്ട് ചെയ്തതിൽ കുറഞ്ഞ നിരക്ക്/കരാറുകാരൻ-16.15 % കുറവ്,ഷൌക്കത്തലി

അംഗീകരിച്ച ടെണ്ടർ നിരക്ക്/കരാറുകാരൻ-9.1% കുറവ് ,സെക്രട്ടറി.പ്രിയദർശിനി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി

അടങ്കൽ - 1,00,000/-

ട്രഷറി ബിൽ നമ്പർ - 52/15.2.16

ആകെ പ്രവൃത്തിയുടെ മൂല്യം- 1,00,000/-

അധികം നൽകിയ തുക- (100000 x16.15/100-100000 x9.1/100) =16150-9100 =7,050/-

4. പ്രോജക്ട് നമ്പർ - 70/16

പ്രോജക്ട് - താഴെ നെല്ലിയമ്പം പീയൂസ് ഇടവഴി കോൺക്രീറ്റ്

ടെണ്ടർ തീയതി - 3.10.15

അടങ്കൽ - 2,00,000/-

അളവുപുസ്തകം - 64/15-16

എഗ്രിമെന്റ് നമ്പർ - 53/15-16/12.10.15

ക്വോട്ട് ചെയ്തതിൽ കുറഞ്ഞ നിരക്ക്/കരാറുകാരൻ-16.85 % കുറവ്,പി.പി.ജോയ്

അംഗീകരിച്ച ടെണ്ടർ നിരക്ക്/കരാറുകാരൻ-10% കുറവ് ,സെക്രട്ടറി.വേങ്ങപ്പള്ളി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി

ട്രഷറി ബിൽ നമ്പർ - 67/15.2.16

ആകെ പ്രവൃത്തിയുടെ മൂല്യം- 1,95,990/-

അധികം നൽകിയ തുക - (195990 x16.85/100-195990x10/100)=33024- 19599 =13,425/-

5.
പ്രോജക്റ്റ് നമ്പർ - 177/16

പ്രോജക്റ്റ് - പാടിക്കര പുഴക്കൽ കോളനി സംരക്ഷണം

ടെണ്ടർ തീയതി - 3.10.15

അടങ്കൽ - 2,00,000/-

അളവുപുസ്തകം - 115/15-16

എഗ്രിമെന്റ് നമ്പർ - 49/15-16/12.10.15

ക്വോട്ട് ചെയ്തതിൽ കുറഞ്ഞ നിരക്ക്/കരാറുകാരൻ-25 % കുറവ്,ഷാജഹാൻ

അംഗീകരിച്ച ടെണ്ടർ നിരക്ക്/കരാറുകാരൻ-15.2% കുറവ് ,സെക്രട്ടറി.കൽപ്പറ്റ സോൺ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി

ട്രഷറി ബിൽ നമ്പർ - 117/29.3.16

ആകെ പ്രവൃത്തിയുടെ മൂല്യം- 1,97,185/-

അധികം നൽകിയ തുക- (197185 x25/100-197185x15.2/100) =49296-29972 =19,324/-

6.
പ്രോജക്റ്റ് നമ്പർ - 64/16

പ്രോജക്റ്റ് - അമ്പലക്കുന്ന് അങ്കണവാടി റിപ്പയർ

ടെണ്ടർ തീയതി - 3.10.15

അടങ്കൽ - 2,00,000/-

അളവുപുസ്തകം - 38/15-16

എഗ്രിമെന്റ് നമ്പർ - 72/15-16/04.12.15

ക്വോട്ട് ചെയ്തതിൽ കുറഞ്ഞ നിരക്ക്/കരാറുകാരൻ-15.9% കുറവ്,ബോബി.എൻ,എബ്രഹാം

അംഗീകരിച്ച ടെണ്ടർ നിരക്ക്/കരാറുകാരൻ-15.1% കുറവ്, സെക്രട്ടറി.കൽപ്പറ്റ സോൺ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി

ട്രഷറി ബിൽ നമ്പർ - 149/31.3.16

ആകെ പ്രവൃത്തിയുടെ മൂല്യം - 2,00,000/-

അധികം നൽകിയ തുക- (200000 x15.9/100-200000x15.1/100) =31800-30200 =1,600/-

7.
പ്രോജക്റ്റ് നമ്പർ-92/16

പ്രോജക്റ്റ്-പടാരിക്കുന്ന് പാടി ചെറുകുന്ന് വയൽ റോഡ് കോൺക്രീറ്റ്

ടെണ്ടർ തീയതി - 3.10.15

അടങ്കൽ - 1,50,000/-

അളവുപുസ്തകം - 13/15-16

എഗ്രിമെന്റ് നമ്പർ - 62/15-16/26.11.15

ക്വോട്ട് ചെയ്യതിൽ കുറഞ്ഞ നിരക്ക്/കരാറുകാരൻ-13.7% കുറവ്, സൈറസ് .കെ.എസ്.

അംഗീകരിച്ച ടെണ്ടർ നിരക്ക്/കരാറുകാരൻ-12% കുറവ്, സെക്രട്ടറി, പ്രിയദർശിനി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി

ട്രഷറി ബിൽ നമ്പർ - 104/29.3.16

ആകെ പ്രവൃത്തിയുടെ മൂല്യം - 1,50,000/-

അധികം നൽകിയ തുക- (150000 x13.7/100-150000x12/100) =20550-18000 =2,550/-

8.
പ്രോജക്റ്റ് നമ്പർ - 191/16

പ്രോജക്റ്റ് - പുളൂർ പൊങ്ങിണി തോട് റോഡ് കോൺക്രീറ്റ്

ടെണ്ടർ തീയതി - 3.10.15

അടങ്കൽ - 4,50,00/-

അളവുപുസ്തകം - 24/15-16

എഗ്രിമെന്റ് നമ്പർ - 11/15-16/19.9.15

ക്വോട്ട് ചെയ്യതിൽ കുറഞ്ഞ നിരക്ക്/കരാറുകാരൻ-25% കുറവ്,ജഷീർ.പി.കെ.

അംഗീകരിച്ച ടെണ്ടർ നിരക്ക്/കരാറുകാരൻ-15.33% കുറവ് ,സെക്രട്ടറി ,പ്രിയദർശിനി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി

ട്രഷറി ബിൽ നമ്പർ - 69/15.2.16

ആകെ പ്രവൃത്തിയുടെ മൂല്യം - 4,50,000/-

അധികം നൽകിയ തുക- (450000 x25/100-450000x15.33/100) =112500 -68985 = 43,515/-

9.
പ്രോജക്റ്റ് നമ്പർ - 57/16

പ്രോജക്റ്റ് - വരദൂർ മൃഗാശുപത്രി അഭിവൃദ്ധിപ്പെടുത്തൽ

ടെണ്ടർ തീയതി - 3.10.15

അടങ്കൽ - 1,50,000/-

അളവുപുസ്തകം - 143/15-16

എഗ്രിമെന്റ് നമ്പർ - 124/15-16/29.1.16

ക്വോട്ട് ചെയ്യതിൽ കുറഞ്ഞ നിരക്ക്/കരാറുകാരൻ-18.7% കുറവ്,സി.വി.ബാബു.

അംഗീകരിച്ച ടെണ്ടർ നിരക്ക്/കരാറുകാരൻ-9% കുറവ് ,സെക്രട്ടറി ,വേങ്ങപ്പള്ളി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി

ട്രഷറി ബിൽ നമ്പർ - 150/31.3.16

ആകെ പ്രവൃത്തിയുടെ മൂല്യം - 1,35,066/-

അധികം നൽകിയ തുക- (135066 x18.7/100-135066x9/100) = 25257 – 12156 = 13,101/-

10.
പ്രോജക്റ്റ് നമ്പർ - 91/16

പ്രോജക്റ്റ് - ചൗണ്ടേരിക്കുന്ന് റോഡ് ഇറക്കം കോൺക്രീറ്റ്

ടെണ്ടർ തീയതി - 3.10.15

അടങ്കൽ - 1,50,000/-

അളവുപുസ്തകം - 27/15-16

എഗ്രിമെന്റ് നമ്പർ - 65/15-16/26.11.15

ക്വോട്ട് ചെയ്തതിൽ കുറഞ്ഞ നിരക്ക്/കരാറുകാരൻ-14.1 % കുറവ്,കെ.എം.വിനു.

അംഗീകരിച്ച ടെണ്ടർ നിരക്ക്/കരാറുകാരൻ-9% കുറവ് ,സെക്രട്ടറി ,പ്രിയദർശിനി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി

ട്രഷറി ബിൽ നമ്പർ - 83/31.3.16

ആകെ പ്രവൃത്തിയുടെ മൂല്യം- 1,50,000/-

അധികം നൽകിയ തുക- (150000 x14.1/100-150000x9/100) = 21150 – 12156 = 8,994/-

11.
പ്രോജക്റ്റ് നമ്പർ - 27/16

പ്രോജക്റ്റ് - കൊല്ലിവയൽ കിണർ റിപ്പയർ

ടെണ്ടർ തീയതി - 3.10.15

അടങ്കൽ - 3,50,000/-

അളവുപുസ്തകം - 152/15-16 , 142/15-16

എഗ്രിമെന്റ് നമ്പർ - 122/15-16/29.1.2016

ക്വോട്ട് ചെയ്തതിൽ കുറഞ്ഞ നിരക്ക്/കരാറുകാരൻ-13.9 % കുറവ്,പി.പി.ജോയ്

അംഗീകരിച്ച ടെണ്ടർ നിരക്ക്/കരാറുകാരൻ-8 % കുറവ് ,സെക്രട്ടറി.വേങ്ങപ്പള്ളി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി

ട്രഷറി ചെക്ക് നമ്പർ - 1538929/11.3.16

ആകെ പ്രവൃത്തിയുടെ മൂല്യം-193234 ( ഒന്നാം പാർട്ട് ബിൽ)

അധികം നൽകിയ തുക- (193234 x13.9/100- 193234 x8/100) =26859 – 15458 = 11,401/-

ബാക്കി തുക അടുത്തവർഷം നൽകിയതിലും (90650) കൂടുതൽ നൽകിയിട്ടുണ്ട്

12.
പ്രോജക്റ്റ് നമ്പർ - 171/16

പ്രോജക്റ്റ് - അരിവാരം അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കൽ

ടെണ്ടർ തീയതി - 9.10.15

അടങ്കൽ - 8,00,000/-

അളവുപുസ്തകം - 816/15-16 , 193/15-16

എഗ്രിമെന്റ് നമ്പർ - 66/15-16/26.11.15

ക്വോട്ട് ചെയ്തതിൽ കുറഞ്ഞ നിരക്ക്/കരാറുകാരൻ-8 % കുറവ്, എ.ഷാജഹാൻ

അംഗീകരിച്ച ടെണ്ടർ നിരക്ക്/കരാറുകാരൻ-3 % കുറവ്, സെക്രട്ടറി.പ്രിയദർശിനി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി

ട്രഷറി ബിൽ നമ്പർ- 129/29.3.16

ആകെ പ്രവൃത്തിയുടെ മൂല്യം-444563 ( ഒന്നാം പാർട്ട് ബിൽ)

അധികം നൽകിയ തുക- ( 444563 x8/100- 444563 x3/100) = 35565 – 4446 =31,119/-

ഇ.എം.ഡി,സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഒഴിവാക്കിയാണ് ഈകരാറുകൾ നൽകിയിട്ടുള്ളത്. ആയതും അംഗീകരിക്കാവുന്നതല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ -20/15-16/30.12.2016, ഓഡിറ്റ് എൻക്വയറി നമ്പർ-30/15-16/4.1.2017ന് നൽകിയ മറുപടിയിൽ 31.10.2011.ലെ 153/2011 നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും ഭരണസമിതിയുടെ 6.10.15 ലെ116/20151(2) തീരുമാനപ്രകാരവും ആണ് പ്രവൃത്തികൾ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിക്ക് കൂടിയ നിരക്കിൽ നൽകിയത് എന്ന് അറിയിച്ചു. പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുന്ന രീതിയിൽ ടെണ്ടർ അംഗീകരിച്ചത് അനുവദനീയമല്ല. 1,71,920/- രൂപ തിരികെ ഈടാക്കേണ്ടതാണ്. 1,71,920/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-5 വികലാംഗർക്കുള്ള തൊഴിൽ പരിശീലനകേന്ദ്രത്തിൽ അധികസൗകര്യം ഏർപ്പെടുത്തൽ

2015-16 വർഷം നടപ്പാക്കിയ വികലാംഗർക്കുള്ള തൊഴിൽ പരിശീലനകേന്ദ്രത്തിൽ അധികസൗകര്യം ഏർപ്പെടുത്തൽ പദ്ധതിനടത്തിപ്പിൽ താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു

പ്രോജക്റ്റ് നമ്പർ - 44/16

പ്രോജക്റ്റ് - വികലാംഗർക്കുള്ള തൊഴിൽ പരിശീലനകേന്ദ്രത്തിൽ അധികസൗകര്യം ഏർപ്പെടുത്തൽ

അടങ്കൽ - 1,50,000/-

കൺവീനർ - ശ്രീ. നിസ്സാർ .പി.കെ

ട്രഷറി ബിൽ നമ്പർ,തീയതി-89/15-16/14.3.16

ചെലവഴിച്ച തുക - 1,50,000/-

31.12.2016 ന് നടത്തിയ സ്ഥലപരിശോധനയിൽ തൊഴിൽപരിശീലനകേന്ദ്രം നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന് കണ്ടു. കൂടാതെ ഈസ്ഥാപനത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-23/15-16/4.1.2017 ക്ക് നൽകിയ മറുപടിയിൽ മുൻപ് തൊഴിൽ പരിശീലനങ്ങൾ നടന്നിരുന്നതാണെന്ന് അറിയിച്ചു. എന്നാൽ ഉടമസ്ഥത സംബന്ധിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ 1,50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 മെയിന്റനൻസ് ഫണ്ട് വക മാറ്റി ചെലവഴിച്ചു.

പഞ്ചായത്തിലെ ടാർ റോഡുകളുടെ മെയിന്റനൻസിനുവേണ്ടി ലഭിക്കുന്ന മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് തൻവർഷം നടപ്പാതകളും റോഡുകളും കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | നിർവഹണം | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് | അടങ്കൽ | ട്രഷറി ബിൽ നമ്പർ | ചെലവഴിച്ച തുക |
|---|---|---|---|---|---|---|
| 1 | അസി. എഞ്ചിനീയർ | 329/15-16 | സെമിത്തേരിക്കുന്ന് ലക്ഷം വീട് കോളനി റോഡ് കോൺക്രീറ്റ് | 145795 | 80/15-16/27.2.16 | 145795 |
| 2 | -ടി- | 324/15-16 | ഹെൽത്ത് സെന്റർ ഏർപ്പാലത്തിങ്കൽ റോഡ് കോൺക്രീറ്റ് | 200000 | 90/15-16/14.3.16 | 126584 |
| 3 | -ടി- | 287/15-16 | കംപോട്ടിൽ നടപ്പാത കോൺക്രീറ്റ് | 49992 | 35/15-16/12.8.15 | 49992 |
| 4 | -ടി- | 277/15-16 | കണ്ണാശുപത്രി ഓടക്കുറ്റി റോഡ് കോൺക്രീറ്റ് | 300000 | 56/15-16/23.1.16 | 123685 |
| 5 | -ടി- | 276/15-16 | താഴെ കരണി ചെമ്പകക്കണ്ടി റോഡ് കോൺക്രീറ്റ് | 250000 | 43/15-16/12.11.16 | 250000 |
| 6 | -ടി- | 272/15-16 | എടത്തിൽകുന്ന് എകരത്ത് റോഡ് കോൺക്രീറ്റ് | 100000 | 42/15-16/12.11.15 | 100000 |
| 7 | -ടി- | 271/15-16 | കൊഴിഞ്ഞങ്ങാട് റബ്ബർകുന്ന് റോഡ് കോൺക്രീറ്റ് | 149739 | 36/15-16/17.9.15 | 149739 |
| 8 | -ടി- | 267/15-16 | കറുവച്ചാട്ട് വയൽ ഇടവഴി കോൺക്രീറ്റ് | 90322 | 115/15-16/29.3.16 | 90322 |

| | | | | | | |
|---|---|---|---|---|---|---|
| 9 | -ടി- | 265/15-16 | ചിറ്റാലൂർകുന്ന് അമ്പലമൂല റോഡ് കോൺക്രീറ്റ് | 200000 | 110/15-16/29.3.16 | 200000 |
| 10 | -ടി- | 87/15-16 | താമരക്കൊല്ലി റോഡ് കോൺക്രീറ്റ് | 107209 | 112/15-16/29.3.16 | 107209 |
| 11 | -ടി- | 88/15-16 | കുഴിക്കൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 100000 | 60/15-16/23.1.16 | 100000 |
| 12 | -ടി- | 91/15-16 | ചൌണ്ടേരിക്കുന്ന് റോഡ് ഇറക്കം കോൺക്രീറ്റ് | 136500 | 83/15-16/27.2.16 | 136500 |
| 13 | -ടി- | 96/15-16 | കണിയാംകൊല്ലി കോളനി റോഡ് കോൺക്രീറ്റ് | 100000 | 68/15-16/15.2.16 | 100000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-28/15-16/3.01.2017 പ്രകാരം ഈ വിവരം ശ്രദ്ധയിൽ പ്പെടുത്തിയതിന് 4.4.2015 ലെ 54/2015(3) ലെ തീരുമാനപ്രകാരമാണ് ഈ പ്രവൃത്തികൾ നടപ്പാക്കിയത് എന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ടാറിംഗ് റോഡുകൾ മിക്കവാറും തകർന്നുകിടക്കുന്ന സാഹചര്യത്തിൽ അവയുടെ മെയിന്റനൻസിനു വകയിരുത്തേണ്ട തുക ഇത്തരത്തിൽ വക മാറ്റുന്നത് അഭികാമ്യമല്ല. 16,79,826/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ഗുണഭോക്തൃസമിതി രേഖകൾ ഹാജരാക്കിയില്ല.

2015-16 വർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികൾ ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയെങ്കിലും ഗുണഭോക്തൃസമിതിയുടെ യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ ഇല്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

1.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 80/16 |
| പ്രോജക്റ്റ് | വില്ലേജ് എടക്കൊമ്പം ഇടവഴി കോൺക്രീറ്റ് |
| അടങ്കൽ | 50,000/- |
| അളവുപുസ്തകം | 145/15-16 |
| എഗ്രിമെന്റ് നമ്പർ | 139/15-16/22.2.16 |
| കൺവീനർ | ശ്രീ. ഹംസ, ചാൺചിറ |
| ഫണ്ട് | തനതുഫണ്ട് |
| ഡി.ഡി.നമ്പർ | 748171/13.4.2016 |
| ചെലവഴിച്ച തുക | 50,000/- |

2.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 240/15 |
| പ്രോജക്റ്റ് | അമ്പലച്ചാൽ പട്ടികജാതി കോളനി കിണർ |
| അടങ്കൽ | 1,02,500/- |
| അളവുപുസ്തകം | 86/15-16 |
| എഗ്രിമെന്റ് നമ്പർ | 157/14-15/22.2.16 |
| കൺവീനർ | പ്രീതി മണികണ്ഠൻ |
| ഫണ്ട് | വികസനഫണ്ട്- എസ്.സി.പി |
| ട്രഷറിബിൽ നമ്പർ | 23/15-16/12.8.15 |
| ചെലവഴിച്ച തുക | 59,685/- |

3.

| | |
|---|---|
| പ്രോജക്ട് നമ്പർ | 344/16 |
| പ്രോജക്ട് | ചിത്രമൂല -കായക്കണ്ടി - പടവയൽ -റോഡ് പുനരുദ്ധാരണം |
| അടങ്കൽ | 2,75,000/- |
| അളവുപുസ്തകം | 124/15-16 |
| എഗ്രിമെന്റ് നമ്പർ | 128/15-16/29.1.16 |
| കൺവീനർ | ശ്രീ.സുരേന്ദ്രൻ, ചിത്രമൂല കായക്കണ്ടി പടവയൽ കോളനി |
| ഫണ്ട് | വികസനഫണ്ട് |
| ട്രഷറി ബിൽ നമ്പർ | 127/15-16/29.3.16 |
| ചെലവഴിച്ച തുക | 2,06,879/- |

4.

| | |
|---|---|
| പ്രോജക്ട് നമ്പർ | 185/16 |
| പ്രോജക്ട് | എടക്കൊമ്പം കോളനി-റോഡ് പുനരുദ്ധാരണം |
| അടങ്കൽ | 70,000/- |
| അളവുപുസ്തകം | 814/15-16 |
| എഗ്രിമെന്റ് നമ്പർ | 138/15-16/22.2.16 |
| കൺവീനർ | ശ്രീ. മാരൻ, എടക്കൊമ്പം കോളനി |
| ഫണ്ട് | വികസനഫണ്ട് |
| ട്രഷറി ബിൽ നമ്പർ | 124/15-16/29.3.16 |
| ചെലവഴിച്ച തുക | 70,000/- |

ഓഡിറ്റ് എൻക്വയറി നമ്പർ-29/15-16/3.01.2017 പ്രകാരം മേൽപ്പറഞ്ഞ പ്രവൃത്തികളുടെ ഗുണഭോക്തൃസമിതിയുടെ ചെലവു സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയില്ല. 1997 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടം 12(1),12(2) എന്നിവ പ്രകാരം രേഖകൾ നിലവിലില്ല എന്ന നിഗമനത്തിൽ 3,86,564/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

## 3-8 കുരുമുളക് പുനരുദ്ധാരണപദ്ധതി നടത്തിപ്പ് -അപാകങ്ങൾ

2015-16വർഷം നടപ്പാക്കിയ കുരുമുളക് പുനരുദ്ധാരണപദ്ധതി - വേര് പിടിപ്പിച്ച വള്ളിത്തലകൾ വിതരണം - നടത്തിപ്പിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 6/16 |
| പ്രോജക്ട് | കുരുമുളക് പുനരുദ്ധാരണപദ്ധതി –<br>വേര് പിടിപ്പിച്ച വള്ളിത്തലകൾ വിതരണം |
| നിർവഹണം | അഗ്രികൾച്ചർ ഓഫീസർ |
| അടങ്കൽ | 10,00,000/- വികസനഫണ്ട് 7,00,000/-<br>ഗുണഭോക്തൃവിഹിതം-3,00,000/- |
| ട്രഷറി ബിൽ നമ്പർ/തീയതി | 1/15-16/25.6.15 |
| ചെലവഴിച്ച തുക | 7,00,000/- വികസനഫണ്ട് |

പദ്ധതിക്കുവേണ്ടി 2,51,400/- രൂപ ഗുണഭോക്തൃവിഹിതം പിരിക്കുകയും പഞ്ചായത്തിൽ അടക്കുകയും ചെയ്തു. 1,00,000/- കുരുമുളക് തൈകൾ ഒന്നിന് 10/- രൂപ നിരക്കിൽ 10,00,000/- വാങ്ങുന്നതിന്റെ പ്രൊഫോർമ ഇൻവോയിസ് ഉണ്ട്. 7,00,000/- രൂപ വികസനഫണ്ട് കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി കൃഷി വിജ്ഞാനകേന്ദ്രത്തിന് നൽകി. എന്നാൽ എത്ര കുരുമുളക് തൈകൾ ലഭിച്ചുവെന്നോ വിതരണം ചെയ്തുവെന്നോ വ്യക്തമല്ല. 2,51,400/- രൂപ ഗുണഭോക്തൃവിഹിതം പിരിച്ചപ്പോൾ അതിന് ആനുപാതികമായാണ് വികസനഫണ്ട് പിൻവലിക്കേണ്ടിയിരുന്നത്. അതായത് 5,86,600/- രൂപ. തൈകൾ വാങ്ങിയതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ഓഡിറ്റിന് ലഭിച്ചിട്ടുമില്ല. ഗുണഭോക്തൃവിഹിതം വിനിയോഗിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ-7/15-16 /22.12.16 പ്രകാരം വികസനഫണ്ട് അധികം പിൻവലിച്ചതിന് വിശദീകരണവും, തൈകൾ വാങ്ങി വിതരണം നടത്തിയതിന്റെ കണക്കുകളും ആവശ്യപ്പെട്ടതിന് 83,800/- തൈകൾ വാങ്ങി വിതരണം ചെയ്തതായി അറിയിച്ചു. 8,38,000/- രൂപയായിരുന്നു ഇതിന് നൽകേണ്ടത്. അധികം പിൻവലിച്ച വികസനഫണ്ട് 1,13,400/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തൈകൾ വാങ്ങി വിതരണം നടത്തിയ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാത്തതിനാൽ 7,24,600/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 ചീങ്ങാടിക്കുന്ന് നീർത്തട വികസനപദ്ധതിക്ക് വിഹിതം നൽകൽ

2015-16 വർഷം നടപ്പാക്കിയ ചീങ്ങാടിക്കുന്ന് നീർത്തട വികസനപദ്ധതിക്ക് വിഹിതം നൽകൽ പദ്ധതിയിൽ നൽകിയ തുക പൂർണ്ണമായും ചെലവഴിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 5/16 |
| പ്രോജക്ട് | ചീങ്ങാടിക്കുന്ന് നീർത്തട വികസനപദ്ധതിക്ക് വിഹിതം നൽകൽ |
| നിർവഹണം | അഗ്രികൾച്ചർ ഓഫീസർ |
| അടങ്കൽ | 1,20,000/- |
| ട്രഷറി ബിൽ നമ്പർ ,തീയതി | 4/15-16/29.9.15 |
| ചെലവഴിച്ച തുക | 1,20,000/- വികസനഫണ്ട് |

പദ്ധതിക്കുവേണ്ടി 1,20,000/- രൂപ പിൻവലിച്ച് നീർത്തടവികസനഫണ്ടിന്റെ അക്കൗണ്ടിൽ അടച്ചിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ രേഖകൾ ഓഡിറ്റ് എൻക്വയറി നമ്പർ -12/15-16/22.12.16 പ്രകാരം ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ 17,992/- രൂപ പിൻവലിച്ചതിൽ ചെലവഴിക്കാത്ത തുകയുണ്ടെന്ന് അറിയിച്ചു. ഈ തുക തിരികെ അടക്കേണ്ടതാണ്. 17,992/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 ജവഹർ ഭവനനിർമ്മാണപദ്ധതി-അധികം തുക പിൻവലിച്ചു

2015-16വർഷം നടപ്പാക്കിയ ജവഹർ ഭവനനിർമ്മാണ പദ്ധതിയിലെ ഗുണഭോക്താവായ പൂങ്കൊടി എന്ന വ്യക്തിക്ക് വേണ്ടി ട്രഷറിയിൽ നിന്നും അധികം തുക പിൻവലിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 28/16 |
| പ്രോജക്ട് | ജവഹർ ഭവനനിർമ്മാണപദ്ധതി |
| നിർവഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ചെലവഴിച്ച തുക | 15,00,000/- വികസനഫണ്ട്. |
| അടങ്കൽ | 36,00,000/- |

| ട്രഷറി ബിൽ,തീയതി | പിൻവലിച്ച തുക |
|---|---:|
| 1/15-16/21.8.15 | 3,00,000 |
| 3/15-16/6.10.15 | 6,00,000 |
| 6/15-16/19.12.15 | 6,00,000 |

മേൽസൂചിപ്പിച്ച തുകകൾ ട്രഷറിയിൽ നിന്ന് പിൻവലിച്ച് കേരള ഗ്രാമീണ ബാങ്കിന്റെ കണിയാമ്പറ്റ ബ്രാഞ്ചിലെ

40148100111039 എന്ന അക്കൗണ്ടിൽ നിക്ഷേപിച്ച് ചെക്കുമുഖേന ചെലവഴിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതിൽ ക്രമനമ്പർ 2 പ്രകാരമുള്ള ബില്ലിൽ ശ്രീമതി. പൂങ്കൊടി എന്ന ഗുണഭോക്താവിന് 1,80,000/- രൂപയും ക്രമനമ്പർ 3പ്രകാരമുള്ള ബില്ലിൽ 30,000/- രൂപയും പിൻവലിച്ചു. ഒരു ഗുണഭോക്താവിന് 2,00,000/- രൂപയാണ് ധനസഹായം നൽകാവുന്നത്. ഗുണഭോക്താവിന് നൽകിയത് 2,00,000/- രൂപയാണ്. ബാങ്ക് അക്കൗണ്ടിന്റെ പാസ്സ്ബുക്ക് പരിശോധിച്ചതിൽ 31.3.16 ന് അക്കൗണ്ടിൽ 52,337/- രൂപ ബാക്കിയുള്ളതായി കാണുന്നു. ഈ തുകയുടെ വിവരങ്ങൾ ഓഡിറ്റിന് നൽകിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ-15/15-16/24.12.16 പ്രകാരം ഈ വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ അധികം പിൻവലിച്ച തുക ക്രമീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. 10,000/- രൂപ തിരികെ അടക്കേണ്ടതാണ്. അക്കൗണ്ടിൽ ബാക്കിയുള്ള തുകയുടെ വിവരങ്ങൾ ഓഡിറ്റിന് നൽകേണ്ടതാണ്. 10,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 ജൂബിലി ഭവനനിർമ്മാണപദ്ധതി -തുക വക മാറ്റി

2014-15, 2015-16വർഷം നടപ്പാക്കിയ ജൂബിലി ഭവനനിർമ്മാണ പദ്ധതിയിൽ 134 വീടുകളുടെ നിർമ്മാണത്തിന് ജില്ലാസഹകരണബാങ്കിൽ നിന്ന് ലോൺ എടുത്തു. പ്രസിഡന്റിന്റെയും വി.ഇ.ഒ. യുടെയും പേരിൽ ജില്ലാസഹകരണബാങ്കിൽ ഉള്ള 130121201020029 നമ്പർ അക്കൗണ്ടിൽ ലോൺ തുക ക്രഡിറ്റ് ചെയ്ത് അതിൽ നിന്ന് ഗുണഭോക്താക്കൾക്ക് തുക നൽകുകയാണ് ചെയ്യുന്നത്. പഞ്ചായത്തിന്റെ 12.5.2015 ലെ 62/2015(3) തീരുമാനപ്രകാരം ഈ അക്കൗണ്ടിൽ നിന്നും അഞ്ച് ലക്ഷം രൂപ മുൻവർഷത്തെ ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയിലെ ഗുണഭോക്താക്കൾക്കു നൽകുന്നതിനായി കണിയാമ്പറ്റ സർവീസ് സഹകരണബാങ്കിന് നൽകി. എന്നാൽ ഇ.എം.എസ്. ഭവനനിർമ്മാണപദ്ധതി പൂർത്തീകരണത്തിന് തൻവർഷം പ്രോജക്ട് വെച്ചിട്ടില്ല. നൽകിയ തുകയുടെ വിനിയോഗവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുമില്ല. പ്രോജക്ട് തയ്യാറാക്കാതെ തുക ചെലവഴിച്ചത് ശരിയല്ല. ജൂബിലി ഭവനനിർമ്മാണ പദ്ധതിയുടെ രേഖകൾ ശരിയായ വിധത്തിൽ ക്രമീകരിച്ച് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-16/15-16/24.12.16 ന് നൽകിയ മറുപടി തൃപ്തികരമല്ല. രേഖകൾ ഹാജരാക്കേണ്ടതാണ്. 5,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 ഇ.എം.എസ് ഭവനപദ്ധതി പൂർത്തീകരണത്തിന് തുക ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

2015-16വർഷം നടപ്പാക്കിയ പട്ടികവർഗ്ഗവിഭാഗക്കാർക്കുള്ള ഇ.എം.എസ് ഭവനപദ്ധതി പൂർത്തീകരണപദ്ധതിയുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 320/16 |
| പ്രോജക്ട് | പട്ടികവർഗ്ഗവിഭാഗക്കാർക്ക് ഇ.എം.എസ് ഭവനപദ്ധതി പൂർത്തീകരണം |
| നിർവഹണം | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| ഫണ്ട് | വികസനഫണ്ട്. റ്റി.എസ്.പി |
| ചെലവഴിച്ച തുക | 3,00,000/- |
| അടങ്കൽ | 3,60,000/- |

| ട്രഷറി ബിൽ,തീയതി | പിൻവലിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2/15-16/15.10.15 | 2,30,000 | 6 |
| 3/15-16/29.12.15 | 25,000 | 1 |
| 5/15-16/13.2.15 | 18,000 | 1 |
| 7/15-16/30.3.16 | 27,000 | 1 |

മേൽസൂചിപ്പിച്ച തുകകൾ ഡി.ഡി.മുഖേന വിതരണം ചെയ്തുവെന്ന കൈപ്പറ്റുചീട്ട് മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ മുഴുവൻ രേഖകളും (അപേക്ഷാ ഫോറം, സ്റ്റേജ് സർട്ടിഫിക്കറ്റുകൾ, പൂർത്തീകരണസാക്ഷ്യപത്രം, ഫോട്ടോകൾ) എന്നിവ ഓഡിറ്റിന് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നമ്പർ-14/15-16/24.12.16 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടിനൽകിയിട്ടില്ല. 3,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 പണിയ കോളനിയിൽ വാട്ടർ അതോറിറ്റിയുടെ A.R.N.S.S കുടിവെള്ള പദ്ധതിയിൽ നിന്നും ഗാർഹിക കണക്ഷൻ ലഭ്യമാക്കൽ -രേഖകൾ ഹജരാക്കാത്തത്

2014-15 വർഷത്തെ ഈ പ്രോജക്ടിന്റെ മൊത്തം അടങ്കൽ 3,00,000/- രൂപയാണ്. പട്ടികവർഗവികസനഫണ്ട് 2,73,964/രൂപയും തനത്ഫണ്ട് 26,036/- രൂപയും. 24 കുടുംബങ്ങൾക്ക് 12,500/- രൂപാ ചെലവിൽ ഗാർഹിക കണക്ഷൻ ലഭ്യമാക്കുന്ന ഈ പദ്ധതിയിലേക്ക് വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള 3,00,000/ രൂപയിൽ പദ്ധതിവിഹിതമായ 2,73,964/- രൂപ 2014-15 ൽ വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കിയിട്ടുണ്ട്. ആയതിന് വാട്ടർ അതോറിറ്റി കൈപ്പറ്റ് രശീതും ഹാജരാക്കിയിട്ടുമുണ്ട്. തനത്ഫണ്ട് വിഹിതം 26,036/- രൂപ

2015-16 വർഷത്തിൽ വൗച്ചർ നമ്പർ21500191/തിയതി.1-6-2015 പ്രകാരം മാത്രമാണ് വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുള്ളത്. വാട്ടർ അതോറിറ്റി പ്രസ്തുത പ്രവൃത്തി നടത്തിയതായി യാതൊരു രേഖയും ഫയലിൽ ഇല്ല. പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്ന് എൻക്വയറി നമ്പർ-8/15-16/23.12.16പ്രകാരം ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ പ്രവൃത്തി പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 26,036/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 തെരുവ് വിളക്കുകളുടെ പരിപാലനം-പദ്ധതി നടത്തിപ്പ് സുതാര്യമല്ല

നിർവഹണോദ്യഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക - 40,0000/-

ചെലവ് തുക - 4,02,228/-

തനത്ഫണ്ട് ഉപയോഗിച്ചുള്ള തെരുവ് വിളക്കുകളുടെ പരിപാലനം എന്ന പ്രോജക്ടിൽ KREWS ൽ നിന്നും ഇലക്ട്രിക്കൽ എക്യുപ്മെൻറ്സ് വാങ്ങിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെകൊടുക്കുന്നു.

| തീയതി | ചെക്ക്നമ്പർ | തുക |
|---|---|---|
| 19/8/2015 | 67013 | 55,530 |
| 12/1/2016 | 68299 | 1,56,049 |
| 9/3/2016 | 68708 | 29,649 |
| ആകെ | | 2,41,228 |

ഇത് കൂടാതെ ഈ പ്രോജക്ടിനായി ചെലവഴിച്ച മറ്റ് തുകകൾ താഴെ പറയും പ്രകാരമാണ്

| തിയതി | ചെക്ക്നമ്പർ | തുക | വിശദവിവരങ്ങൾ |
|---|---|---|---|
| 25/11/2015 | 67948 | 9800 | ഇലക്ട്രീഷ്യൻ കൂലി |
| 28/11/2015 | 67955 | 9800 | -ടി- |
| 23/1/2016 | 68313 | 26400 | ജീപ്പ് വാടക |
| 8/2/2016 | 68666 | 13300 | ഇലക്ട്രീഷ്യൻകൂലി |
| 8/2/2016 | 68667 | 13300 | -ടി- |
| 9/3/2016 | 68705 | 19800 | ജീപ്പ് വാടക |
| 9/3/2016 | 68706 | 14700 | ഇലക്ട്രീഷ്യൻ കൂലി |
| 9/3/2016 | 68707 | 14700 | -ടി- |
| 31/3/2016 | 69074 | 19600 | -ടി- |
| 31/3/2016 | 69075 | 19600 | -ടി- |

തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി, ഓരോ വാർഡുകളിലും 7 അംഗങ്ങൾ വീതമുള്ള ഒരു തെരുവ് വിളക്ക് പരിപാലനസമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും തെരുവ് വിളക്ക് റിപ്പയറിനാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിന് ഈ സമിതിയുടെ ഭാഗത്ത് നിന്നുള്ള യാതൊരു നിർദ്ദേശവും ഫയലിൽ കാണുന്നില്ല. പഞ്ചായത്തിൽ എത്ര തെരുവു വിളക്കുകൾ

ഉണ്ടെന്നോ, എത്രയെണ്ണത്തിന് ഏതെല്ലാം രീതിയിൽ ഉള്ള റിപ്പയറിന് എന്തെല്ലാം സാധനങ്ങൾ ആവശ്യമുണ്ടെന്നോ കണക്കാക്കിയിട്ടില്ല. റിപ്പയറിംഗ് നടന്ന എന്നുള്ള കെ.എസ്.ഇ.ബി.യുടെ സാക്ഷ്യപത്രം ഇല്ല.

3 തവണയായി KREWSൽ നിന്നും സാധനങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും, ഒരു തവണ വാങ്ങിയ സാധനങ്ങൾ പോലും മുഴുവനായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ -32/15-16/05.01.17 ന് നൽകിയ മറുപടിയിൽ ക്ലാർക്കുമാർ സ്ഥലം മാറിപ്പോയതിനാലാണ് സ്റ്റോക്കിൽ ചേർക്കാൻ വിട്ടുപോയത് എന്നറിയിച്ചു. ഈ മറുപടി തൃപ്തികരമല്ല. ആവശ്യകത കണക്കാക്കാതെ, വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ ചേർക്കാതെ പദ്ധതി നടപ്പാക്കിയത് അംഗീകരിക്കാനാവില്ല. 4,02,228/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

നിക്ഷേപരജിസ്റ്റർ പരിശോധനയിൽ 2007-08 മുതൽ 2012-13 വരെയുള്ള താഴെപ്പറയുന്ന കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്തിൽ നിലനിൽക്കുന്നതായി കാണപ്പെട്ടു. 3 വർഷത്തിലേറെ പഴക്കമുള്ള താഴെപ്പറയുന്ന നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

| ക്രമ നം | വർഷം | നിക്ഷേപ തുക |
|---|---|---|
| 1 | 2007-08 | 96,461 |
| 2 | 2008-09 | 1,01,212 |
| 3 | 2009-10 | 1,79,659 |
| 4 | 2010-11 | 32,552 |
| 5 | 2011-12 | 38,592 |
| 6 | 2012-13 | 2,03,695 |
| ആകെ | | 6,52,171/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 31/15-16/04.01.17 ന് നൽകിയ മറുപടിയിൽ മേൽതുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 3-16 സ്വകാര്യ ഇൻഷുറൻസ് സ്ഥാപനത്തിൽ നിന്ന് വാഹനത്തിന് ഇൻഷുറൻസ് എടുത്തു

വൗച്ചർ നമ്പർ - 21501443

തീയതി - 10/3/2016

തുക - 7,426/-

സ്വകാര്യ ഇൻഷുറൻസ് സ്ഥാപനത്തിൽ നിന്നും പഞ്ചായത്ത് വാഹനം MAHINDRA INVADER ന്റെ ഇൻഷുറൻസ് എടുത്ത നടപടി ന്യായീകരിക്കത്തക്കതല്ല. സർക്കാർ ഇൻഷുറൻസ് സ്ഥാപനങ്ങളിൽ വാഹന ഇൻഷുറൻസ് എടുക്കുന്നതിനുള്ള സൗകര്യം ലഭ്യമാണെന്നിരിക്കേ ROYAL SUNDARAM എന്ന സ്വകാര്യ ഇൻഷുറൻസ് സ്ഥാപനത്തിൽ നിന്നും ഇത് എടുക്കാനുണ്ടായ സാഹചര്യം ഓഡിറ്റിന് വ്യക്തമാക്കേണ്ടാണ്.

വാഹനത്തിന്റെ ഇന്ധനഉപയോഗക്ഷമതാപരിശോധനാ ആറു മാസത്തിലൊരിക്കൽ നിർബന്ധമായും നടത്തേണ്ടതാണ്. ഇത് നടത്തിയതായി കാണുന്നില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 33 /15-16/05.01.17പ്രകാരം ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭിച്ചില്ല. വിശദീകരണം നൽകേണ്ടതാണ്.

## 3-17 അഗതി - ആശ്രയ പദ്ധതി കാര്യക്ഷമമല്ല.

അഗതി ആശ്രയ മാർഗ്ഗരേഖ (ജി.ഒ.(എം.എസ്)362/2013 തസ്വഭവ 16.11.13)പ്രകാരം ഭക്ഷണം, വസ്ത്രം, മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായങ്ങൾ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കേണ്ടതാണ്. വീടു വയ്ക്കാൻ സ്ഥലം, വീട്, വീട് റിപ്പയർ, കക്കൂസ്, കുടിവെള്ളം, കറന്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ഫണ്ടാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഹിക്കേണ്ടി വരുന്നത്. ജനറൽ, SC, ST എന്നീ വിഭാഗങ്ങൾക്കായി മേൽ ആവശ്യങ്ങൾക്ക് വിഭാവനം ചെയ്യുന്ന പ്രൊജക്ടിലെ ആദ്യ ഗുണഭോക്താക്കളായി ആശ്രയ പദ്ധതിയിൽപ്പെട്ടവരെ ഉൾപ്പെടുത്തിയാണ് ഇവരുടെ ആവശ്യങ്ങൾ നിറവേറ്റേണ്ടത്. ഇതുകൊണ്ട് തന്നെ പ്രൊജക്ട് ആരംഭിച്ച് ആദ്യ വർഷങ്ങളിൽ തന്നെ ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യാവശ്യങ്ങൾ നിറവേറ്റപ്പെടേണ്ടതായിരുന്നു. എന്നാൽ ആശ്രയ പദ്ധതിയിൽപ്പെട്ടവർക്ക് പ്രത്യേക പ്രൊജക്ടുകൾ വിഭാവനം ചെയ്ത് പരിമിതമായ ഫണ്ട് വകയിരുത്തുന്ന രീതിയാണ് പഞ്ചായത്തുകൾ സ്വീകരിച്ചുവരുന്നത്. അഗതി ആശ്രയ പ്രോജക്ടിൽ ഭക്ഷണം, വസ്ത്രം, ചികിൽസ,

വിദ്യാഭ്യാസം, ഭൂമി, വീട്, വീട് റിപ്പയർ എന്നിവക്കെല്ലാം തുക വകയിരുത്തിയിട്ടുണ്ട്. ലഭ്യമായ തുക പൂർണ്ണമായും ചെലവഴിക്കുന്നതിൽ പഞ്ചായത്ത് വിജയിച്ചിട്ടില്ല.

| ഇനം | 1st പ്രൊജക്ട് | 2nd പ്രൊജക്ട് എസ്.റ്റി വിഭാഗം | 2nd പ്രൊജക്ട്. ജനറൽ.വിഭാഗം |
|---|---|---|---|
| ആകെ ഗുണഭോക്താക്കൾ* | 148 | 185 | 101 |
| പ്രോജക്ട് തുടങ്ങിയ വർഷം | 2003-06 | 2013-16 | 2014-17 |
| വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 32 | 3 | 14 |
| നാളിതുവരെ ലഭിച്ചവർ | 32 | ആർക്കും കൊടുത്തിട്ടില്ല | ആർക്കും കൊടുത്തിട്ടില്ല |
| വീട് ആവശ്യമുള്ളവർ | - | 45 | 47 |
| നാളിതുവരെ ലഭിച്ചവർ | -- | 8 | 2 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | | 19 | 14 |
| നാളിതുവരെ ലഭിച്ചവർ | - | 2 | ആർക്കും കൊടുത്തിട്ടില്ല |
| കക്കൂസ് ആവശ്യമുള്ളവർ | 39 | 6 | 2 |
| നാളിതുവരെ ലഭിച്ചവർ | 39 | 6 | ആർക്കും കൊടുത്തിട്ടില്ല |
| കുടിവെള്ളം ആവശ്യമുള്ളവർ | - | 55 | 19 |
| നാളിതുവരെ ലഭിച്ചവർ | - | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |
| കറന്റ് ആവശ്യമുള്ളവർ | - | - | - |
| നാളിതുവരെ ലഭിച്ചവർ | - | - | - |

ഗ്രാമപഞ്ചായത്തിന് ഈ പദ്ധതികൾക്കു വേണ്ടി ലഭിച്ച ഫണ്ടുകളുടെ വരവുചെലവുകൾ ഇപ്രകാരമാണ്.

1. ജനറൽ ഒന്നാം ഘട്ടം

| ഫണ്ട് | വരവ് | ചെലവ് | |
|---|---|---|---|
| | | ഇനം | തുക (രൂപ) |
| ചലഞ്ച് ഫണ്ട് | 7,00,000 (300000-കമ്പ്യൂട്ടർ ഫണ്ട്) | ഭക്ഷണം | 62,500 |
| പദ്ധതി വിഹിതം | 6,32,250 | വിദ്യാഭ്യാസം | 13,000 |

| | | | |
|---|---|---|---|
| | | ചികിൽസ | 74,500 |
| | | കക്കൂസ് | 1,56,000 |
| | | സ്വയം തൊഴിൽ | 2,50,000 |
| | | സ്ഥലം വാങ്ങൽ | 4,76,250 |
| ആകെ | 10,32,250 | | 10,32,250 |

2010-11, 2011-12 വർഷംആശ്രയ പദ്ധതിയിൽ വികസനഫണ്ട് ലഭ്യമായതിൽ ചെലവഴിക്കാത്ത 4,00,000/- രൂപ 17.2.16 ന് തിരിച്ചടച്ചു. ഗുണഭോക്താക്കൾക്ക് ആവശ്യമായ രീതിയിൽ പ്രോജക്ട് തയ്യാറാക്കാതെ ലഭ്യമായ തുക തിരിച്ചടച്ചത് ശരിയല്ല.

2. എസ്.റ്റി. ആശ്രയ.

| ഫണ്ട് | വരവ് | ചെലവ് | |
|---|---|---|---|
| | | ഇനം | തുക(രൂപ) |
| ചലഞ്ച് ഫണ്ട് | 13,04,700 | ഭക്ഷണം | 9,25,431 |
| പദ്ധതി വിഹിതം | 2,00,000 | വസ്ത്രം | 55,379 |
| | | ചികിൽസ | 3,740 |
| | | വീട് റിപ്പയർ | 50,000 |
| | | മറ്റുള്ളവ | 16,075 |
| ആകെ | 15,04,700 | | 10,50,625 |

എസ്.റ്റി. ആശ്രയ പദ്ധതിയിൽ വികസനഫണ്ട് ലഭ്യമായതിൽ ചെലവഴിക്കാത്ത 1,50,000/- രൂപ 26.11.15 ന് തിരിച്ചടച്ചു. ചലഞ്ച് ഫണ്ട് 3,04,075/- കേരള ഗ്രാമീണ ബാങ്കിലെ 40148100113362 –ാം നമ്പർ അക്കൗണ്ടിൽ അവശേഷിക്കുന്നു.

ജനറൽ രണ്ടാം ഘട്ടം

| ഫണ്ട് | വരവ് | ചെലവ് | |
|---|---|---|---|
| | | ഇനം | തുക(രൂപ) |
| ചലഞ്ച് ഫണ്ട് | 426667 | ഭക്ഷണം | 380575 |
| വികസനഫണ്ട് 2014-15 | 2,00,000 | വസ്ത്രം | - |
| വികസനഫണ്ട് 2015-16 | 2,00,000 | വിദ്യാഭ്യാസം | - |
| | | ചികിൽസ | 1,750 |
| | | കക്കൂസ് | - |
| | | വീട് നിർമ്മാണം | 2,60,000 |

| | | | |
|---|---|---|---|
| | | സ്വയം തൊഴിൽ | - |
| | | മറ്റുള്ളവ | 6,618 |
| ആകെ | 8,26,667 | | 6,48,943 |

ജനറൽ പദ്ധതിയിൽ ലഭ്യമായതിൽ ചെലവഴിക്കാത്ത 1,40,000/- രൂപ കേരള ഗ്രാമീണ ബാങ്കിന്റെ കണിയാമ്പറ്റ ബ്രാഞ്ചിലെ 40148100113362 നമ്പർ അക്കൗണ്ടിൽ നിലവിൽ നീക്കിയിരിപ്പുണ്ട്. ഭവനനിർമ്മാണത്തിന് നൽകിയ ഈ തുക ഉപയോഗിച്ചുള്ള ഭവനനിർമ്മാണം നടന്നുവരുന്നു. ലഭ്യമായ മുഴുവൻ തുകയും ഗുണഭോക്താക്കൾക്കുതകുന്ന രീതിയിൽ വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

എസ്.ടി. വിഭാഗക്കാർക്ക് ചലഞ്ച് ഫണ്ട് ഉപയോഗിച്ച് അതിജീവനത്തിനുള്ള (ഭക്ഷണം,വസ്ത്രം) പ്രൊജക്ട് മാത്രമാണ് കുടുംബശ്രീ സി.ഡി.എസ് മുഖേന നടപ്പിലാക്കി വരുന്നത്. വീടു വയ്ക്കാൻ സ്ഥലം, വീട്, വീട് റിപ്പയർ, കക്കൂസ്, കുടിവെള്ളം, കറന്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നത് ഉറപ്പുവരുത്തേണ്ടതാണ്.

ഒന്നാമത്തെ ജനറൽ വിഭാഗക്കാർക്കുള്ള പ്രോജക്ടിൽ ആർക്കൊക്കെ എന്തൊക്കെ സഹായങ്ങൾ നൽകി എന്നത് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല. ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മുൻഗണന നൽകേണ്ടതും നിർബന്ധമായും ഫണ്ട് വകയിരുത്തി പ്രൊജക്ട് നടപ്പിലാക്കേണ്ടതുമാണ്.

അഗതി-ആശ്രയ പദ്ധതിസംബന്ധിച്ച വിലയിരുത്തൽസമിതി യോഗം ചേരുന്നതിൽ പദ്ധതിനടത്തിപ്പ് സംബന്ധിച്ച് യഥാർത്ഥ വിലയിരുത്തൽ നടത്തുന്നില്ല. പദ്ധതി നടത്തിപ്പ് സംബന്ധിച്ച തുടർവിവരങ്ങൾ അറിയിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| --ഇല്ല-- | | | | |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | ണ്ടായിരുന്ന തുക | | | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(സാധാ.)956/ 2010തസ്വഭവ തീയതി: 20.03.2010 | 0 | 6137310 | 6137310 | 0 | 0 |
| ജൂബിലി ഭവന പദ്ധതി | 1715/ഡി.ബി-1/തസ്വഭവ തിയ്യതി-29.01.14 | 20000000 | 17023972 | 6670589 | 0 | 10353383 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| നിക്ഷേപത്തിന്റെ വിവരം | അക്കൗണ്ട് നമ്പർ | തുക |
|---|---|---|
| ജില്ലാ ട്രഷറി,കൽപ്പറ്റ | 161322/3784 | 654300 |
| കെ.ജി.ബി കണിയാമ്പറ്റ | 40148141400032 | 628441 |
| എസ്.ബി.ടി കണിയാമ്പറ്റ | 6838 | 520308 |
| ആകെ | | 1803049 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നംതിയ്യതി |
|---|---|---|---|---|
| 98-99 | 29 | 721 | കെ രാധാകൃഷ്ണൻ | 11504100807-19.06.15 |
| ,, | ... | 1336 | സി.സി. ഷേർലി | 11504100982-08.07.15 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|

| | | | |
|---|---|---|---|
| 2010-11 | 2013,5.1.8(1) | കുടിശ്ശിക പിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കാത്തതിനാൽ കാലഹരണപ്പെട്ടത് സംബന്ധിച്ച് | നടപടി സ്വീകരിച്ചു വരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 122323656 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 115570229 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 171920/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4197246 /- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് | സർചാർജ്ജ് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-4 | | 171920 | പ്രശാന്ത്.എൻ.എസ്,അസി.എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 1,50,000/- | പ്രശാന്ത്.എൻ.എസ്,അസി.എൻജിനീയർ |
| 3-6 | 1679826/- | പ്രശാന്ത്.എൻ.എസ്,അസി.എൻജിനീയർ |
| 3-7 | 386564/- | പ്രശാന്ത്.എൻ.എസ്,അസി.എൻജിനീയർ |
| 3-8 | 724600/- | സുനിൽ ജേക്കബ്ബ്,കൃഷിഓഫീസർ |
| 3-9 | 17992/- | സുനിൽ ജേക്കബ്ബ്,കൃഷിഓഫീസർ |
| 3-10 | 10,000/- | പോൾജോസഫ്,വി.ഇ.ഒ |
| 3-11 | 5,00000/- | പോൾജോസഫ്,വി.ഇ.ഒ |
| 3-12 | 27300/- | ബാലകൃഷ്ണൻ,ടി.ഇ.ഒ |
| 3-12 | 27000/- | ജോഷി, ടി.ഇ.ഒ |
| 3-13 | 26036/- | പി.ഇബ്രാഹിം,സെക്രട്ടറി |
| 3-14 | 402228/- | പി.ഇബ്രാഹിം,സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| | | |
|---|---|---|
| ശ്രീ പ്രശാന്ത് എൻ.എസ് | അസി.എൻജിനീയർ | നെല്ലിവയൽ വീട് ,കരണി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ് (ഡബ്ല്യു) പി1/654/08 തീയതി 04.08.09 |
| 1997-98 | എൽ.എഫ്(ഡബ്ല്യു) പി3/323/01 തീയതി 22.04.06 |
| 1998-99 | എൽ.എഫ്(ഡബ്ല്യു) പി3/22/02തീയതി 09.05.06 |
| 1999-00 | എൽ.എഫ്(ഡബ്ല്യു) പി3/61/03 തീയതി 08.05.06 |
| 2000-01 | എൽ.എഫ്(ഡബ്ല്യു) പി1/559/04 തീയതി 19.05.06 |
| 2000-01 പ്ലാൻ | എൽ.എഫ്(ഡബ്ല്യു) പി3/541/03 തീയതി 3.8.06 |
| 2001-02 പ്ളാൻ | എൽ.എഫ്(ഡബ്ല്യു) പി31/399/08 തീയതി 17.11.08 |
| 2002-03 | എൽ.എഫ്(ഡബ്ല്യു) പി1/122/09 തീയതി 06.02.2009 |
| 2003-04 | എൽ.എഫ്(ഡബ്ല്യു) പി1/123/09 തീയതി 05.02.09 |
| 2004-05 | എൽ.എഫ്(ഡബ്ല്യു) പി1/930/10 തീയതി 09.03.10 |
| 2005-06 | എൽ.എഫ്(ഡബ്ല്യു) പി1/929/09 തീയതി 09.03.10 |
| 2006-07 | എൽ.എഫ്(ഡബ്ല്യു) പി1/965/12 തീയതി 12.07.12 |
| 2007-08 | എൽ.എഫ്(ഡബ്ല്യു) പി1/965/12 തീയതി 12.07.12 |
| 2008-09 | എൽ.എഫ്(ഡബ്ല്യു) പി1/221/15 തീയതി 10.06.15 |
| 2009-10 | എൽ.എഫ്(ഡബ്ല്യു) പി3/511/13 തീയതി 11.09.13 |
| 2010-11 | എൽ.എഫ്(ഡബ്ല്യു) പി2/320/15 തീയതി 10.06.15 |
| 2011-12 | കെ.എസ്.എ (ഡബ്ല്യു.വൈ.ഡി) പി2/409/15 തീയതി 25.08.15 |
| 2012-13 | കെ.എസ്.എ (ഡബ്യൂ.വൈ.ഡി) പി2-211/15 തീയതി 10.07.15 |
| 2013-14 | കെ.എസ്.എ (ഡബ്ല്യു.വൈ.ഡി)പി2-825/15തീയതി 09.03.16 |
| 2014-15 | കെ.എസ്.എ(ഡബ്ല്യു.വൈ.ഡി)പി2-459/16തീയതി 22.07.16 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

## 1-1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.(പി.2)12/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ, പിൻ -673121

തിയ്യതി :17.01.2017

Phone- 04936 203672

Email- dowyd.ksad@kerala.gov.in

## സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് വകുപ്പ് നിയമത്തിൻെറ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൻെറ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എൻെറ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എൻെറ അഭിപ്രായത്തിൽ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൻെറ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്.

## AUDIT CERTIFICATE

No. KSA.WYD.(P.2)/12/2017

Kerala State Audit Department

District Audit Office
Wayanad, Kalpetta, Pin: 673121

Dated.17.01.2017.

Email- dowyd.ksad@kerala.gov.in

CERTIFICATE

Certified that I have audited the Annual Financial Statement of Kaniyampetta GramaPanchayath in Wayanad District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the financial statements of Kaniyampetta Gramapanchayat for the year 2015-16, except the observations in My audit report, properly presents the picture of income and expenditure.

Deputy Director
Kerala Stat Audit Department,
District office, Wayanad.